# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# ഇടമുളയ്ക്കൽ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in

ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: ksa/klm/p1/942/2020 dated 12 - 03 - 2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 16/03/2021
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഇടമുളയ്ക്കൽ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ഇടമുളയ്ക്കൽ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഇടമുളയ്ക്കൽ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം.
3) കാര്യാലയ പകർപ്പ്.

നമ്പർ: ksa/klm/p1/942/2020 dated 12 - 03 - 2021 തീയ്യതി: 16/03/2021

# കൊല്ലം ജില്ലയിലെ ഇടമുളയ്ക്കൽ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ ഇടമുളയ്ക്കൽ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-08-2018 മുതൽ 30-06-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 30 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/ പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. കെ.സൈമൺ | ഡെപ്യൂട്ടി ഡയറക്ടർ | 17-08-2020 | 25-08-2020 |
| ശ്രീ. കെ. സൈമൺ | ഡെപ്യൂട്ടി ഡയറക്ടർ | 06-07-2020 | 16-07-2020 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 06-07-2020 | 16-07-2020 |
| 17-08-2020 | 25-08-2020 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.പ്രദീപ്കുമാർ, ഓഡിറ്റ് ഓഫീസർ
ശ്രീമതി.സിജാറാണി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.രാജൻ വി ഡി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.ജയകുമാരിഅമ്മ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.റജിന.എ.എസ്, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.വി. രവീന്ദ്രനാഥ് | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ.സഞ്ജയൻ.എസ് | സെക്രട്ടറി | 01-04-2019 | 31-03-2020 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.വി.ജെ.അന്നമ്മ | അസി.സെക്രട്ടറി | 01-04-2019 | 31-03-2020 |
| ശ്രീമതി. ധന്യശ്രീ | അസി.എൻജിനീയർ | 01-04-2019 | 31-03-2020 |
| ശ്രീമതി. ബിനു.ഡി | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ഡോ. എലിസബത്ത് എബ്രഹാം | മെഡിക്കൽഓഫീസർ(അലോപ്പതി) | 01-04-2019 | 31-03-2020 |
| ഡോ.ബി.ശ്യാമ കൃഷ്ണൻ | മെഡിക്കൽഓഫീസർ(ആയുർവ്വേദം) | 01-04-2019 | 31-03-2020 |
| ഡോ. പ്രശാന്ത്.ആർ.എസ് | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2019 | 31-03-2020 |
| ശ്രീമതി.നജീമ. എൻ | വി.ഇ.ഒ.1 | 01-04-2019 | 31-03-2020 |
| ശ്രീമതി. ബിനി.ഡി | വി.ഇ.ഒ.2 | 01-04-2019 | 31-03-2020 |
| ഡോ. എ.ഷാഹുൽ ഹമീദ് | വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |
| ശ്രീമതി. ധന്യ | അഗ്രികൾച്ചർ ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീമതി.സായിദ | ഹെഡ്മിസ്ട്രസ്സ് | 01-04-2019 | 31-05-2019 |
| ശ്രീമതി.ആനന്ദഭായി അമ്മ | ഹെഡ്മിസ്ട്രസ്സ് | 31-05-2019 | 03-06-2020 |
| ശ്രീ.അജിത്ത് കുമാർ സി.പി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 31-05-2019 |
| ശ്രീ. അജേഷ് കുമാർ ബി.എസ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 31-05-2019 | 31-03-2020 |

<u>ഉള്ളടക്കം</u>


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Pradeep Kumar P (Audit Officer (HG), On 26-02-2021)<br>Last Updated By: Pradeep Kumar P (Audit Officer (HG), On 11-03-2021) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Pradeep Kumar P (Audit Officer (HG), On 27-02-2021)<br>Last Updated By: Simon K (Deputy Director, On 15-03-2021) | 1-2 |
| 3 | വാർഷികകണക്കുകളിലെ അപാകതകൾ<br>Written By: Pradeep Kumar P (Audit Officer (HG), On 27-02-2021)<br>Last Updated By: Naseer S (Computer Assistant, On 15-03-2021) | 1-2.1 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Pradeep Kumar P (Audit Officer (HG), On 27-02-2021)<br>Last Updated By: Simon K (Deputy Director, On 15-03-2021) | 1-3 |
| 5 | ഗ്രാന്റ് വിനിയോഗം<br>Written By: Pradeep Kumar P (Audit Officer (HG), On 27-02-2021)<br>Last Updated By: Naseer S (Computer Assistant, On 16-03-2021) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: Pradeep Kumar P (Audit Officer (HG), On 27-02-2021)<br>Last Updated By: Simon K (Deputy Director, On 15-03-2021) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: Pradeep Kumar P (Audit Officer (HG), On 27-02-2021)<br>Last Updated By: Pradeep Kumar P (Audit Officer (HG), On 27-02-2021) | 1-6 |
| 8 | ക്ഷേമ പദ്ധതികൾ<br>Written By: Pradeep Kumar P (Audit Officer (HG), On 27-02-2021)<br>Last Updated By: Simon K (Deputy Director, On 15-03-2021) | 1-7 |
| 9 | ക്യാഷ് പരിശോധന<br>Written By: Pradeep Kumar P (Audit Officer (HG), On 27-02-2021)<br>Last Updated By: Simon K (Deputy Director, On 15-03-2021) | 1-8 |
| 10 | ആഭ്യന്തരനിയന്ത്രണം (ഓഡിറ്റ് മാനുവൽ പാർട്ട് 1 അനുബന്ധം ബി)<br>Written By: Pradeep Kumar P (Audit Officer (HG), On 27-02-2021)<br>Last Updated By: Simon K (Deputy Director, On 15-03-2021) | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Pradeep Kumar P (Audit Officer (HG), On 27-02-2021)<br>Last Updated By: Simon K (Deputy Director, On 15-03-2021) | 1-10 |
| 12 | തൊഴിൽ നികുതി ഈടാക്കുന്നതിലെ അപാകത<br>Written By: Pradeep Kumar P (Audit Officer (HG), On 26-02-2021)<br>Last Updated By: Simon K (Deputy Director, On 15-03-2021) | 1-11 |
| 13 | സ്ഥാപന തൊഴിൽനികുതി ഈടാക്കുന്നതിലെ അപാകത<br>Written By: Pradeep Kumar P (Audit Officer (HG), On 26-02-2021)<br>Last Updated By: Naseer S (Computer Assistant, On 15-03-2021) | 1-11.1 |
| 14 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുന്നതിലെ അപാകത<br>Written By: Pradeep Kumar P (Audit Officer (HG), On 26-02-2021)<br>Last Updated By: Simon K (Deputy Director, On 15-03-2021) | 1-11.2 |
| 15 | ഡി & ഒ ലൈസൻസ് അപാകതകൾ<br>Written By: Pradeep Kumar P (Audit Officer (HG), On 26-02-2021)<br>Last Updated By: Simon K (Deputy Director, On 15-03-2021) | 1-12 |
| 16 | വാടക കുടിശ്ശിക ഈടാക്കിയിട്ടില്ല<br>Written By: Pradeep Kumar P (Audit Officer (HG), On 26-02-2021)<br>Last Updated By: Simon K (Deputy Director, On 15-03-2021) | 1-13 |
| 17 | മൊബൈൽ ടവർ-കെട്ടിട നികുതി കുടിശ്ശിക ഈടാക്കിയില്ല<br>Written By: Pradeep Kumar P (Audit Officer (HG), On 26-02-2021)<br>Last Updated By: Simon K (Deputy Director, On 15-03-2021) | 1-14 |
| 18 | ലേലതുക കൃത്യമായി ഈടാക്കുന്നില്ല<br>Written By: Pradeep Kumar P (Audit Officer (HG), On 26-02-2021)<br>Last Updated By: Simon K (Deputy Director, On 15-03-2021) | 1-15 |

| | | |
|---|---|---|
| 19 | KMSCL ൽ നിന്ന് മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല<br>Written By: Pradeep Kumar P (Audit Officer (HG), On 26-02-2021)<br>Last Updated By: Simon K (Deputy Director, On 15-03-2021) | 1-16 |
| 20 | മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി -നിർവ്വഹണത്തിൽ കൂടുതൽ കാര്യക്ഷമത ഉറപ്പുവരുത്തണം<br>Written By: Pradeep Kumar P (Audit Officer (HG), On 26-02-2021)<br>Last Updated By: Simon K (Deputy Director, On 15-03-2021) | 1-17 |
| 21 | ഇ- ടെണ്ടർ ചെയ്തിട്ടുള്ള മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫാറവില ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടിവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും ഗ്രാമപഞ്ചായത്ത് അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടില്ല<br>Written By: Pradeep Kumar P (Audit Officer (HG), On 25-02-2021)<br>Last Updated By: Simon K (Deputy Director, On 15-03-2021) | 1-18 |
| 22 | ആയുർവേദ ആശുപത്രി കെട്ടിട നിർമ്മാണം പദ്ധതിയിലെ നടപടിക്രമങ്ങളിൽ അപാകത<br>Written By: Pradeep Kumar P (Audit Officer (HG), On 25-02-2021)<br>Last Updated By: Simon K (Deputy Director, On 15-03-2021) | 1-19 |
| 23 | ടാറിങ് പ്രവർത്തികൾ-ഒഴിഞ്ഞ ടാർ ബാരലുകളുടെ വില 40745/- രൂപ ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് ഒടുക്ക് വരുത്തി ഒടുക്കു വരുത്തി<br>Written By: Pradeep Kumar P (Audit Officer (HG), On 25-02-2021)<br>Last Updated By: Simon K (Deputy Director, On 15-03-2021) | 1-20 |
| 24 | ഉദ്ഘാടനച്ചെലവിന് തുക അധികം ചെലവഴിച്ചു.<br>Written By: Pradeep Kumar P (Audit Officer (HG), On 25-02-2021)<br>Last Updated By: Simon K (Deputy Director, On 15-03-2021) | 1-21 |
| 25 | ഹോമിയോ ആശുപത്രിക്ക് മരുന്നുവാങ്ങൽ-മരുന്നു ലഭിക്കാൻ അവശേഷിക്കുന്നു.<br>Written By: Pradeep Kumar P (Audit Officer (HG), On 25-02-2021)<br>Last Updated By: Naseer S (Computer Assistant, On 15-03-2021) | 1-22 |
| 26 | ആടുവളർത്തൽ പദ്ധതി-സബ്സിഡി തുക അധികം നൽകി.<br>Written By: Pradeep Kumar P (Audit Officer (HG), On 25-02-2021)<br>Last Updated By: Naseer S (Computer Assistant, On 15-03-2021) | 1-23 |
| 27 | കുടിവെള്ള വിതരണം -കരാറിലെ വ്യവസ്ഥകൾ ലംഘിച്ചിട്ടും നിയമനടപടികൾ സ്വീകരിക്കാതെ വീണ്ടും ക്വട്ടേഷൻ നടത്തി ഉയർന്ന നിരക്കിൽ കുടിവെള്ള വിതരണം നടത്തിയ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.<br>Written By: Pradeep Kumar P (Audit Officer (HG), On 26-02-2021)<br>Last Updated By: Naseer S (Computer Assistant, On 15-03-2021) | 1-24 |
| 28 | പദ്ധതി നിർവ്വഹണരേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല-ചെലവ് തുക തടസ്സപ്പെടുത്തുന്നു<br>Written By: Pradeep Kumar P (Audit Officer (HG), On 27-02-2021)<br>Last Updated By: Naseer S (Computer Assistant, On 15-03-2021) | 1-25 |
| 29 | ബാങ്ക് അക്കൗണ്ടുകളിൽ ഗ്രാമ പഞ്ചായത്തിന്റെ വാർഷിക കണക്കിൽ ഉൾപ്പെടാത്ത 3483804/-രൂപ അവശേഷിക്കുന്നു<br>Written By: Pradeep Kumar P (Audit Officer (HG), On 26-02-2021)<br>Last Updated By: Naseer S (Computer Assistant, On 15-03-2021) | 1-26 |
| 30 | എച്ച്.എം നിർവ്വഹണം നടത്തിയ പദ്ധതികളുടെ ചെലവ് രേഖകൾ,പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല-ചെലവ് തുക തടസ്സപ്പെടുത്തുന്നു<br>Written By: Pradeep Kumar P (Audit Officer (HG), On 26-02-2021)<br>Last Updated By: Naseer S (Computer Assistant, On 15-03-2021) | 1-27 |
| 31 | ലൈഫ് -ഭവനപദ്ധതി -അവലോകനം<br>Written By: Pradeep Kumar P (Audit Officer (HG), On 26-02-2021)<br>Last Updated By: Naseer S (Computer Assistant, On 15-03-2021) | 1-28 |
| | **ഭാഗം 2** | |

| | | |
|---|---|---|
| --- No Records Found --- | | |
| **ഭാഗം 3** | | |
| 1 | കുടിവെള്ള വിതരണം -കരാറിലെ വ്യവസ്ഥകൾ ലംഘിച്ചിട്ടും നിയമനടപടികൾ സ്വീകരിക്കാതെ വീണ്ടും ക്വട്ടേഷൻ നടത്തി ഉയർന്ന നിരക്കിൽ കുടിവെള്ള വിതരണം നടത്തിയ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.<br>Written By: Pradeep Kumar P (Audit Officer (HG), On 26-02-2021)<br>Last Updated By: Naseer S (Computer Assistant, On 15-03-2021) | 3-1 |
| 2 | ഉദ്ഘാടനച്ചെലവിന് തുക അധികം ചെലവഴിച്ചു.<br>Written By: Pradeep Kumar P (Audit Officer (HG), On 26-02-2021)<br>Last Updated By: Naseer S (Computer Assistant, On 15-03-2021) | 3-2 |
| 3 | ആടുവളർത്തൽ പദ്ധതി-സബ്സിഡി തുക അധികം നൽകി.<br>Written By: Pradeep Kumar P (Audit Officer (HG), On 26-02-2021)<br>Last Updated By: Naseer S (Computer Assistant, On 15-03-2021) | 3-3 |
| **ഭാഗം 4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Pradeep Kumar P (Audit Officer (HG), On 26-02-2021)<br>Last Updated By: Naseer S (Computer Assistant, On 15-03-2021) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Pradeep Kumar P (Audit Officer (HG), On 26-02-2021)<br>Last Updated By: Naseer S (Computer Assistant, On 15-03-2021) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Pradeep Kumar P (Audit Officer (HG), On 26-02-2021)<br>Last Updated By: Naseer S (Computer Assistant, On 15-03-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Pradeep Kumar P (Audit Officer (HG), On 26-02-2021)<br>Last Updated By: Naseer S (Computer Assistant, On 15-03-2021) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Pradeep Kumar P (Audit Officer (HG), On 26-02-2021)<br>Last Updated By: Naseer S (Computer Assistant, On 15-03-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Pradeep Kumar P (Audit Officer (HG), On 26-02-2021)<br>Last Updated By: Naseer S (Computer Assistant, On 15-03-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Pradeep Kumar P (Audit Officer (HG), On 26-02-2021)<br>Last Updated By: Naseer S (Computer Assistant, On 15-03-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Pradeep Kumar P (Audit Officer (HG), On 26-02-2021)<br>Last Updated By: Naseer S (Computer Assistant, On 15-03-2021) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Pradeep Kumar P (Audit Officer (HG), On 26-02-2021)<br>Last Updated By: Naseer S (Computer Assistant, On 15-03-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Pradeep Kumar P (Audit Officer (HG), On 26-02-2021)<br>Last Updated By: Naseer S (Computer Assistant, On 15-03-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Pradeep Kumar P (Audit Officer (HG), On 26-02-2021)<br>Last Updated By: Naseer S (Computer Assistant, On 15-03-2021) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | അനുബന്ധപത്രികകൾ | |

## ഭാഗം -1

## ഓഡിറ്റ് റിപ്പോർട്ട്

### 1-1 ബജറ്റ്

2019-20 സാമ്പത്തിക വർഷത്തിലേക്കുള്ള ബജറ്റ് 6-02-2019തീയതിയിലെ 1(I)തീരുമാനപ്രകാരവും പുതുക്കിയ ബജറ്റ് 20/03/2020 തീയതിയിലെ II(1) നം തീരുമാനപ്രകാരവും അംഗീകരിച്ചിട്ടുണ്ട്.

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-05-2020 | 24-06-2020 | - | - |

### 1-2.1 വാർഷികകണക്കുകളിലെ അപാകതകൾ

1) NREGA -സംസ്ഥാന വിഹിതമായി തൻവർഷം 1061000/-രൂപയാണ് ആകെ വരവ്. എന്നാൽ ടി രൂപ വിതരണം നടത്തിയപ്പോൾ 3 ഗുണഭോക്താക്കളുടെ വിഹിതം മടങ്ങി വന്നു. ആയത് വീണ്ടും വരവായി എടുത്തതിനാൽ ആകെ വരവ് 1064000/- എന്നാണ് വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെട്ട് വന്നിരിക്കുന്നത്.

2) NREGA-അഡ്മിനിസ്ട്രേറ്റീവ് ചെലവുകൾക്കായി ഗ്രാമപഞ്ചായത്തിൽ നിന്നും മുൻകൂർ നൽകിയിരുന്ന തുകകൾ NREGA യുടെ തൻവർഷത്തെ വരവിൽ നിന്നും ചെലവിൽ ഉൾപ്പെടുത്തി കാണിക്കാതെ ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് നേരിട്ട് വകയിരുത്തി.

3) RP-36 പത്രിക പ്രകാരമുള്ള മുൻകൂർ വരവുകളായ വാടക.മാർക്കറ്റ് വരവ്,വൃക്ഷങ്ങളിൽ നിന്നുള്ള മേലാദായം എന്നിവയുടെ ഡി.സി.ബി പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ലാത്തതിനാൽ ടി തുകകളുടെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടിട്ടില്ല.

4) 18-19, 19-20 സാമ്പത്തിക വർഷങ്ങളിലായി ആകെ ലഭിച്ച ലോൺ തുകയാണ് അതായത് നിലവിൽ അടക്കുവാൻ ബാക്കി നിൽക്കുന്ന ലോൺ തുകയാണ് B4 പത്രികയിൽ ഉൾപ്പെടുത്തിയിരിക്കുന്ന 14138449/-രൂപ. ടി തുക പൂർണ്ണമായും വിനിയോഗിച്ചതിന് ശേഷം B-16 പത്രിയിൽ ചെലവായി ഉൾപ്പെടുത്തിയിരിക്കുന്ന തുക 14153631/-രൂപയാണ്. 15182/-രൂപ ചെലവിനത്തിൽ അധികമായി ഉൾപ്പെടുത്തി.

5) B-9 പത്രികയിലെ തുകകൾ പരിശോധിക്കുന്നതിനായി 04/2020ലെ വൗച്ചറുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

6) ആസ്തി രജിസ്റ്റർ രേഖപ്പെടുത്തൽ വരുത്തി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ B-11- പത്രികകൾ പ്രകാരമുള്ള ആസ്തികളുടെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടിട്ടില്ല.

7) B-12 പത്രികയിൽ -Investments-Equity Share എന്ന ഹെഡിൽ 90746/- രൂപ ഉൾപ്പെട്ട് വന്നിരിക്കുന്നത് ബഡ്സ് റീഹാബിലൈറ്റേഷൻ സെന്ററിന്റെ ചെലവാണ്.

8) കുടിശ്ശിക വസ്തുനികുതി ഇനത്തിൽ തൻവർഷത്തെ മുൻബാക്കി, നീക്കിബാക്കി തുകകൾ വാർഷിക ധനകാര്യപത്രിക, സഞ്ചയ സ്റ്റേറ്റ്മെന്റ് എന്നിവ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

9) കേരള ഹൗസിംഗ് ബോർഡിന് പദ്ധതി നിർവ്വഹണത്തിനായി തൻവർഷം 32,00,000/-രൂപ നൽകിയെങ്കിലും 16,00,000/-രൂപ മാത്രമാണ് ഉൾപ്പെടുത്തിയിരിക്കുന്നു.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 70776851 |
| ഓഡിറ്റ് വർഷത്തെ വരവ് | 88259492 |
| ആകെ | 159036343 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 89762901 |
| നീക്കിയിരിപ്പ് | 69273442 |
| വരവിനങ്ങളിലെ നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലെ നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 89710 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2399984 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ്/ ലാപ്സായ തുക | കുറിപ്പ് |
|---|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 0 | 22483339 | 22483339 | 19152494 | 3330845 | 63750* ക്യൂ ബിൽ തുക |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 0 | 11542706 | 11542706 | 6965915 | 4576791 | 3801999* ക്യൂ ബിൽ തുക |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 0 | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 10687000 | 10687000 | 5682106 | 5004894 | 1732593* ക്യൂ ബിൽ തുക |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 4436000 | 4436000 | 2989844 | 1446156 | 407950* ക്യൂ ബിൽ തുക |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 17463305 | 17463305 | 7839037 | 9624268 | 4871238* ക്യൂ ബിൽ തുക |
| കെ.എൽ.എസ്. ജി.ഡി.പി (ACR പ്രകാരം) | | 0 | 0 | 0 | 0 | 0 | |
| സാക്ഷരത | | 2211 | 0 | 2211 | 0 | 2211 | |
| ദുരിതാശ്വാസനിധി | | 0 | 0 | 0 | 0 | 0 | |
| എം.ജി.എൻ.ആർ. ഇ.ജി.എസ് | തൊഴിലാളി കളുടെ കൂലി | - | 63897000 | 63897000 | 63897000 | - | |
| | അഡ്മിനി സ്ട്രേറ്റീവ് ചെലവ് | 45270 | 1466634 | 1511904 | 1323876 | 188028 | |
| TSC | | 4890514 | 163325 | 5053839 | 430169 | 4,623,670 | |
| SSA | | 1030914 | 32783 | 1063697 | 0 | 1,063,697 | |
| ICDS | | 2100531 | 1343989 | 3444520 | 1800000 | 1,644,520 | |
| കേരളോത്സവം | | 20000 | 20000 | 40000 | 40000 | 0 | |

| | | | | | | |
|---|---|---|---|---|---|---|
| ആയുർവേദ വകുപ്പ്-സ്റ്റേറ്റ് വിഹിതം | 8000000 | 0 | 8000000 | 3200000 | 4800000 | |

*നീക്കിയിപ്പ്/ലാപ്സായ തുകയിൽ 2019-20 വർഷത്തെ ക്യൂ ബിൽ തുക കൂടി ഉൾപ്പെട്ടതാണ്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 343 | 213193822 | 196 | 71153426 | - | 147 | 57 |

**പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ**

ഇല്ല

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 45270 | 1466634 | 1511904 | 1323876 | 188028 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | - | 63897000 | 63897000 | 63897000 | - |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 199920 | 214 |
| കർഷകതൊഴിലാളി പെൻഷൻ | 3980400 | 757 |
| വിധവാപെൻഷൻ | 10740600 | 2093 |
| വാർദ്ധക്യകാലപെൻഷൻ | 17442300 | 3473 |
| വികലാംഗപെൻഷൻ | 2808800 | 508 |
| 50വയസ്സിനുമുകളിൽ പ്രായമുള്ള അവിവാഹിതർക്കുള്ള പെൻഷൻ | 247800 | 48 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 90000 | 3 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18.08.2020 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 43897/- രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം (ഓഡിറ്റ് മാനുവൽ പാർട്ട് 1 അനുബന്ധം ബി)

വിവിധ വിഭാഗം ജീവനക്കാരുടെ കർത്തവ്യങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയ ജോലിവിഭജനരേഖ സ്ഥാപനത്തിൽ പരിപാലിച്ചിട്ടുണ്ട്. ധനഇടപാടുകളുടെ വിവിധ രേഖകൾ ജോലിവിഭജന പ്രകാരം വിവിധ ജീവനക്കാർ പരിപാലിച്ചുവരുന്നുണ്ട്.. വ്യക്തമായ അക്കൌണ്ടിംഗ് സമ്പ്രദായം സ്വീകരിച്ചിട്ടുള്ള പഞ്ചായത്തിലെ എല്ലാ വരവുകളും പ്രിന്റഡ് രസീതി നൽകിയാണ് സ്വീകരിക്കുന്നത്. വരവുകൾ ശരിയായ രീതിയിൽ അക്കൌണ്ട് ചെയ്യുകയും ചെലവുകൾ അധികാരപ്പെടുത്തും പ്രകാരം നടത്തി വൗച്ചറുകൾ ചിട്ടയോടെ സൂക്ഷിക്കാൻ ശ്രദ്ധിച്ചിട്ടുണ്ട്. പണമായും ചെക്ക്, ഡിഡിയായും നൽകുന്ന തുകകൾക്ക് കൈപ്പറ്റ് രസീതി വാങ്ങിസൂക്ഷിക്കുന്നുണ്ട്. സ്വയം പിൻവലിക്കൽ നടത്തുന്ന ചെക്കുകൾ പ്രകാരമുള്ള തുകകളിൽ ചെലവഴിക്കാൻ ശേഷിക്കുന്ന തുക പെറ്റി/സബ്സിഡിയറി കാഷ് ബുക്കിൽ ഉൾപ്പെടുത്തി അവയുടെ വിനിയോഗം എഴുതി സൂക്ഷിക്കേണ്ടതാണ്. എന്നാൽ ആയത് പൂർണ്ണമായും പ്രാവർത്തികമാക്കുന്നില്ല.

വിവിധ പദ്ധതികൾക്കായി നിർവ്വഹണ ഉദ്യോഗസ്ഥർ തുക ആവശ്യപ്പെടുമ്പോൾ അതാത് പദ്ധതികൾക്കായി വകയിരുത്തിയ തുകയിൽ നിന്നും നൽകുവാൻ ശ്രദ്ധിക്കുന്നില്ല.ഉദാഹരണമായി വി.ഇ.ഒ നിർവ്വഹണം നടത്തിയ ലൈഫ് ഭവനപദ്ധതികളിൽ തൻവർഷത്തെ പദ്ധതിക്കും സ്പിൽ ഓവർ പദ്ധതിക്കും ഉള്ള ഗുണഭോക്താകൾക്ക് തുക അനുവദിച്ചിരിക്കുന്നത് ക്രമപ്രകാരമല്ല. സ്പിൽ ഓവർ പദ്ധതിയുടെ ഗുണഭോക്താകൾക്ക് ആയതിന് അനുവദിച്ച വിഹിതത്തിൽ നിന്നും ചെലവഴിക്കാതെ തൻവർഷത്തെ പദ്ധതിക്ക് വകയിരുത്തിയിരുന്ന പ്ലാൻഫണ്ട്, ജില്ലാപഞ്ചായത്ത് വിഹിതം എന്നിവയിൽ നിന്നും തുക അനുവദിച്ച് നല്കിയിരിക്കുന്നു. ഇത്തരം അപാകതകൾ ഉണ്ടാകാതിരിക്കുവാൻ അക്കൗണ്ടന്റ് ശ്രദ്ധ ചെലുത്തേണ്ടതാണ്.

വാങ്ങലുകൾ ചുമതലപ്പെട്ട പർച്ചേസിംഗ്/പ്രൊക്യൂർമെന്റ് കമ്മറ്റികളുടെ ചുമതലയിലാണ് നടത്തിയിട്ടുള്ളത്. സ്റ്റോക്ക് പരിശോധന ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ കാലാകാലങ്ങളിൽ നിർവ്വഹിച്ചുവരുന്നുണ്ട്. ആസ്തി രജിസ്ററർ സൂക്ഷിക്കുന്നുണ്ടെങ്കിലും കാലികമാക്കുന്നില്ല. ആസ്തിയുടെ പരിശോധന നടത്തി രേഖകളുമായുള്ള പൊരുത്ത പ്പെടുത്തൽ ഉറപ്പാക്കുന്നില്ല .

ധനമിടപാടുകൾ സുതാര്യവും കുറ്റമറ്റതുമാക്കുന്നതിനും ഗ്രാമപഞ്ചായത്തിന്റെ വിവിധ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് പഞ്ചായത്തിൽ നിക്ഷിപ്തമായിട്ടുള്ള ചുമതലകളും കർത്തവ്യങ്ങളും നല്ല രീതിയിൽ പര്യാപ്തമാക്കുന്നതിനുമായി ശക്തമായ അഭ്യന്തരനിയന്ത്രണ സംവിധാനം ഗ്രാമപഞ്ചായത്തിൽ നിലനിർത്തേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 10.2.2020&11.2.2020 | 1/2020 | ലഭിച്ചിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 17.09.18 – 27.09.18 | 2013-14 മുതൽ 2017-18 വരെ | 25.10.2018 |

## 1-11 തൊഴിൽ നികുതി ഈടാക്കുന്നതിലെ അപാകത

ഗ്രാമ പഞ്ചായത്തിലെ 2019-20 വർഷത്തെ തൊഴിൽനികുതി രജിസ്റ്റർ, തൊഴിൽനികുതി സ്റ്റേറ്റ്മെന്റ്

എന്നിവ പരിശോധിച്ചതിൽ പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന താഴെപ്പറയുന്ന സ്ഥാപനങ്ങൾ സ്ഥാപന തൊഴിൽനികുതി, ജീവനക്കാരുടെ തൊഴിൽനികുതി എന്നിവ ഒടുക്കുവരുത്തിയിട്ടില്ല.

### 1-11.1 സ്ഥാപന തൊഴിൽനികുതി ഈടാക്കുന്നതിലെ അപാകത

ഗ്രാമ പഞ്ചായത്തിലെ 2019-20 വർഷത്തെ തൊഴിൽനികുതി രജിസ്റ്റർ, തൊഴിൽനികുതി സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധിച്ചതിൽ പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന താഴെപ്പറയുന്ന സ്ഥാപനങ്ങൾ സ്ഥാപന തൊഴിൽനികുതി ഒടുക്കുവരുത്തിയിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | നികുതി ഈടാക്കേണ്ട അർദ്ധ വർഷം |
|---|---|---|
| 1 | എസ്.ബി.ഐ, പനച്ചിവിള | I |
| 2 | റബ്ബർ ബോർഡ് | I & II |
| 3 | യൂണിയൻ ബാങ്ക്, ആയൂർ | II |
| 4 | ബി. എസ് .എൻ .എൽ ,ആയൂർ | I & II |
| 5 | മന്നം എൻ. എസ്. എസ്. കോളേജ്, പടിഞ്ഞാറ്റിൻകര | I & II |
| 6 | കെ. എസ് . ഇ . ബി ഇലക്ട്രിക്കൽ ഡിവിഷൻ | I & II |
| 7 | കെ. എസ് . ഇ . ബി ട്രാൻസ്മിഷൻ സർക്കിൾ | I |
| 8 | കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ് | I & II |
| 9 | പോപ്പുലർ മിനി ഫിനാൻസ്, ആയൂർ | II |
| 10 | ഇ .ജി ഗ്രാനൈറ്റ്സ് | I & II |
| 11 | സെന്റ് മേരിസ് ആഡിറ്റോറിയം | I & II |
| 12 | സപ്ലൈകോ സൂപ്പർ മാർക്കറ്റ്, ആയൂർ | I & II |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് സ്ഥാപന തൊഴിൽനികുതി ഒടുക്കു വരുത്തുന്നതിൽ വീഴ്ച വരുത്തിയിട്ടുള്ള സ്ഥാപനങ്ങൾക്ക് നോട്ടീസ് അയയ്ക്കുന്നതാണെന്നും തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ആയതിനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റന്വേഷണം നം. 19/21.08.2020

### 1-11.2 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുന്നതിലെ അപാകത

ഇടമുളയ്ക്കൽ ഗ്രാമ പഞ്ചായത്തിലെ 2019-20 വർഷത്തെ തൊഴിൽനികുതി രജിസ്റ്റർ, തൊഴിൽനികുതി സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധിച്ചതിൽ പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന താഴെപ്പറയുന്ന സ്ഥാപനങ്ങൾ ജീവനക്കാരുടെ തൊഴിൽനികുതി ഒടുക്കുവരുത്തിയിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ തൊഴിൽനികുതി |
|---|---|---|
| 1 | എസ്.ബി.ഐ, പനച്ചിവിള | - |
| 2 | റബ്ബർ ബോർഡ് | - |
| | | |

| | | |
|---|---|---|
| 3 | യൂണിയൻ ബാങ്ക്, ആയൂർ | ll |
| 4 | ബി. എസ് .എൻ .എൽ ,ആയൂർ | - |
| 5 | മന്നം ,എൻ. എസ്. എസ്. കോളേജ്, പടിഞ്ഞാറ്റിൻകര | l l |
| 6 | കെ. എസ് . ഇ . ബി ഇലക്ട്രിക്കൽ ഡിവിഷൻ | - |
| 7 | കെ. എസ് . ഇ . ബി ട്രാൻസ്മിഷൻ സർക്കിൾ | - |
| 8 | കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ് | ll |
| 9 | പോപ്പുലർ മിനി ഫിനാൻസ്, ആയൂർ | l l |
| 10 | ഇ .ജി ഗ്രാനൈറ്റ്സ് | - |
| 11 | സെന്റ് മേരിസ് ആഡിറ്റോറിയം | - |
| 12 | സപ്ളൈകോ സൂപ്പർ മാർക്കറ്റ്, ആയൂർ | - |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് തൊഴിൽ നികുതിഒടുക്കു വരുത്തുന്നതിൽ വീഴ്ച വരുത്തിയിട്ടുള്ള സ്ഥാപനങ്ങൾക്ക് നോട്ടീസ് അയയ്ക്കുന്നതാണെന്നും തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ആയതിനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റന്വേഷണം നം. 19/21.08.2020

<u>1-12 ഡി & ഒ ലൈസൻസ് അപാകതകൾ</u>

റേഷൻ കടകളെയും, മാവേലി സ്റ്റോറുകളെയും 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിൽ ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇടമുളയ്ക്കൽ ഗ്രാമപഞ്ചായത്തു പരിധിയിൽ 21 റേഷൻ കടകളും 2മാവേലി സ്റ്റോറുകളും പ്രവർത്തിക്കുന്നുണ്ടെന്ന് ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടുണ്ടെങ്കിലും 21 റേഷൻ കടകളുടെ വിശദാംശങ്ങൾ പഞ്ചായത്തിൽ ലഭ്യമല്ല. ഇവ ഒന്നും തന്നെ ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെടുത്തി ലൈസൻസ് ഫീസും തൊഴിൽ നികുതിയും ഈടാക്കിയിട്ടില്ല. ഇവയെ ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെടുത്തി ലൈസൻസ് ഫീസും തൊഴിൽ നികുതിയും ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. 2 മാവേലി സ്റ്റോറുകളുടെയും ലൈസൻസ് ഫീസ് ഈടാക്കിയിട്ടുണ്ട്.

ഓഡിറ്റന്വേഷണം നം. 25/24.08.2020

<u>1-13 വാടക കുടിശ്ശിക ഈടാക്കിയിട്ടില്ല</u>

ഗ്രാമ പഞ്ചായത്തിലെ 2019-20 വർഷത്തെ വാടക രജിസ്റ്റർ പരിശോധിച്ചതിൽ താഴെപ്പറയുന്ന കടമുറിയുടെ വാടക ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പേര്, മേൽവിലാസം | കടമുറി നമ്പർ | വാടക/ മാസം (കുടിശ്ശിക) | വാടക കുടിശ്ശിക |
|---|---|---|---|---|
| 2 | പ്രസിഡന്റ് / സെക്രട്ടറി<br>തേജസ് മൈക്രോ യൂണിറ്റ്,<br>ആയൂർ | ആയൂർ പബ്ളിക് മാർക്കറ്റ് റൂം നം. 1(Renewed) | 2316*5 | 11580+GST |

ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ്എൻക്വയറിയ്ക്ക് വാടക കുടിശ്ശികയായ 11580/- രൂപയും 18% ജിഎസ് ടി യും ഈടാക്കി ഒടുക്കു വരുത്തുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി

ലഭ്യമാക്കിയിട്ടുണ്ട്. വാടകകുടിശ്ശികയും ജി.എസ്.ടി യും പിഴപ്പലിശയോടു കൂടി ഈടാക്കി ഒടുക്ക് വരുത്തി രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

ഓഡിറ്റന്വേഷണം നം. 21/21.08.2020

1-14 മൊബൈൽ ടവർ-കെട്ടിട നികുതി കുടിശ്ശിക ഈടാക്കിയില്ല

1. വയർലസ് റ്റി.റ്റി ഇൻഫോ സർവ്വീസ് ലിമിറ്റഡ് എന്ന സ്ഥാപനം (വാർഡ് 14 നടുക്കുന്ന്) 2018-19 വർഷം രണ്ട് അർദ്ധ വർഷങ്ങളിലുമായി കെട്ടിടനികുതി ഇനത്തിൽ ആകെ അടവാക്കേണ്ട *6300/-രൂ ഒടുക്കുവരുത്തിയിട്ടില്ല. 19.08.2020 ന് പഞ്ചായത്ത് നല്കിയ ഡിമാന്റ് നോട്ടീസ് പ്രകാരം 2018-19 ലെ ആദ്യ അർദ്ധവർഷത്തെ നികുതി 30-9-2018 നകവും രണ്ടാം അർദ്ധവർഷത്തെ നികുതി 31-3-2019 നകവും അടവാക്കേണ്ടിയിരുന്നു. 2019-20 കാലയളവിലെ കെട്ടിടനികുതിയായ *6300/-രൂപയും അടവാക്കാത്ത സ്ഥിതിയാണുള്ളത്.
(*വസ്തുനികുതി-3000/-രൂ, ഗ്രന്ഥശാല വരി-150/-രൂ X 2)
2. റിലയൻസ് മൊബൈൽ ടവർ (അറയ്ക്കൽ- 19) 2019-20 ലെ കെട്ടിടനികുതി ഒടുക്കുവരുത്തിയിട്ടില്ല. രണ്ട് അർദ്ധ വർഷങ്ങളിലുമായി കെട്ടിടനികുതി ഇനത്തിലുള്ള 2700/- രൂപയും (1350X2) ഗ്രന്ഥശാല വരി ഇനത്തിലുള്ള 126/-രൂപയും ആണ് ഈടാക്കാൻ അവശേഷിക്കുന്നത്. നാളിതുവരെ കെട്ടിടനികുതി ഒടുക്കുവരുത്താത്ത സാഹചര്യത്തിൽ നിയമാനുസൃത പിഴ പലിശ ഉൾപ്പടെയുള്ള തുക ഈടാക്കി തനത് ഫണ്ടിൽ അടവാക്കാനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്.

1-15 ലേലതുക കൃത്യമായി ഈടാക്കുന്നില്ല

ഗ്രാമപഞ്ചായത്തുപരിധിയിൽ 2019-20 സാമ്പത്തിക വർഷം വിവിധ ഇനങ്ങളുടെ കുത്തക അവകാശം സംബന്ധിച്ച ലേലം 11/03/2019 ൽ നടക്കുകയുണ്ടായി. ലേല നോട്ടീസിലെ 5, 6 നിബന്ധനകൾ പ്രകാരം ലേല തുക 10,000/- രൂപ കവിയുന്ന സന്ദർഭങ്ങളിൽ തുക ഒടുക്കേണ്ട രീതി ചുവടെ ചേർക്കുന്നു.

1. ലേലം താത്കാലികമായി സ്ഥിരപ്പെടുത്തുമ്പോൾ = ലേല തുകയുടെ 25%

2. ലേലം പഞ്ചായത്ത് കമ്മിറ്റി അംഗീകരിക്കുമ്പോൾ = ലേല തുകയുടെ 25%
3. 30/06/2019 നുള്ളിൽ = ലേല തുകയുടെ 25%

4. 30/09/2019 നുള്ളിൽ = ലേല തുകയുടെ 25%

മേൽ തീയതികളിൽ തുക ഒടുക്കുന്നതിൽ വീഴ്ച വന്നാൽ ലേലനിബന്ധന 20 പ്രകാരം 18% പിഴപലിശ ഈടാക്കേണ്ടതാണ്. എന്നാൽ ചുവടെ ചേർത്തിട്ടുള്ള ലേലത്തിൽ ലേലനിബന്ധനപ്രകാരമുള്ള പിഴപ്പലിശ ഈടാക്കിയില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

ആയൂർ പബ്ലിക് മാർക്കറ്റിൽനിന്ന് ഗേറ്റ് ഫീസ്

ലേലതുക = 1,51,300/-രൂ

ലേലതീയതി = 11/03/2019

കുത്തകക്കാരൻ = ശ്രീ. ബുഹാരി എച്ച്. എം.

ഗഡു = 37,825/-രൂ

| പണം ഒടുക്കേണ്ടിയിരുന്ന തീയതി | പണം ഒടുക്കിയ തീയതി | ഒടുക്കിയ തുക (രൂപ) |
|---|---|---|
| 11.03.2019 | 11.03.2019 | 40,000 (അടവാക്കേണ്ട തുക-37,825/-) |
| 20.03.2019 | 27.03.2019 | 10,000 (അടവാക്കേണ്ട തുക-25,650/-) |

| | | |
|---|---|---|
| 30.06.2019 | | 0 |
| 30.09.2019 | | 0 |

10000/-രൂ 29.06.2020 ന് അടവാക്കിയിട്ടുണ്ട്. 91300/-രൂ ഒടുക്കുവാനവശേഷിക്കുന്നുണ്ട്. ലേലം കൊണ്ടയാളിൽ നിന്നും സോൾവൻസി വാങ്ങിയിട്ടില്ല. കുടിശ്ശിക ഈടാക്കുന്നതിനായി പഞ്ചായത്ത് തലത്തിൽ കത്ത് നൽകിയിരുന്നെങ്കിലും തുക ഒടുക്ക് വരുത്താത്ത സാഹചര്യമാണുള്ളത്. സമയബന്ധിതമായി ലേലതുക അടവാക്കാത്ത സാഹചര്യത്തിൽ ഈടാക്കാനവശേഷിക്കുന്ന തുക പിഴപ്പലിശ ഉൾപ്പെടെ കരാറുകാരനിൽനിന്ന് ഈടാക്കേണ്ടതാണ്.

ലേല നിബന്ധനകൾ പാലിക്കപ്പെടുന്നില്ല.

1. ലേലത്തിൽ പങ്കെടുക്കുന്നവർ പഞ്ചായത്തുമായി കരാറിൽ ഏർപ്പെടുന്നില്ല.

2. സോൾവൻസി സർട്ടിഫിക്കറ്റ് ഹാജരാക്കാത്തവർ ലേലം ഉറപ്പിക്കുന്ന അവസരത്തിൽ തന്നെ മുഴുവൻ ലേലത്തുകയും ഒടുക്കേണ്ടതുണ്ട്. ആയത് പ്രാവർത്തികമാക്കുന്നില്ല.

3. തവണവ്യവസ്ഥയിലുള്ള അടവുകൾ മിക്കവയും അനുവദിച്ചുനല്കിയ തീയതികളിൽ അല്ലാത്ത സാഹചര്യം.

4. ലേലനിബന്ധന പ്രകാരമുള്ള പിഴപലിശ ഈടാക്കുന്നില്ല.

5. ലേലനിബന്ധന പ്രകാരമുള്ള മിക്ക രേഖകളും ഫയലിൽ ചേർത്തിട്ടില്ല. (നിബന്ധന 1, 3, 10, 16, 17, 21, 22)

ലേലവ്യവസ്ഥകൾ പാലിക്കപ്പെടുംവിധമുള്ള ക്രമീകരണങ്ങൾ പഞ്ചായത്ത് ഭരണനിർവഹണവിഭാഗം ഉറപ്പാക്കേണ്ടത് അനിവാര്യമാണ്.

## 1-16 KMSCL ൽ നിന്ന് മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല

മെഡിക്കൽ ഓഫീസർ പി.എച്ച്.സി വിവിധ പ്രോജക്ടുകളിലായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്നും മരുന്ന് വാങ്ങുന്നതിനായി തുക നൽകിയെങ്കിലും മരുന്നുകൾ എല്ലാം ലഭ്യമാക്കിയില്ല . വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം/ ഫണ്ടിനം. | അടങ്കൽ തുക | ചെലവ് തുക (രൂപ) | ലഭിച്ച മരുന്നിന്റെ വില (രൂപ) | ലഭിക്കു വാനുള്ള മരുന്നിന്റെ വില (രൂപ) |
|---|---|---|---|---|---|
| 1. | പി.എച്ച്.സി യിലേക്ക് മരുന്ന് വാങ്ങൽ (നം.128/19-20), വികസന ഫണ്ട്, മെയിന്റനൻസ് ഗ്രാന്റ്- റോഡിതരം | 5,00,000/- | 5,00,000/- ബിൽ-6/6.11.2019) | 1,22,813/- | 3,77,187/- |
| 2. | പാലിയേറ്റീവ് കെയർ (നം.127/19), വികസന ഫണ്ട്, മെയിന്റനൻസ് ഗ്രാന്റ്- റോഡിതരം | 1,08,160/- | 1,08,160/- ബിൽ-14/19(31.3.2020)-[Invoice 4800@N/2020/3dt20.3.2020] SATHHES | 96,402/- (Handling Charges- 2163/-) | 9,595/- |
| 3. | ജീവിതശൈലീരോഗനിർണ്ണയം- സാന്ത്വനം (നം.131/19-20), വികസന ഫണ്ട്, മെയിന്റനൻസ് ഗ്രാന്റ്- റോഡിതരം | 1,88,785/- | 1,88,785/- ബിൽ-7/19(6.11.2018)-1,50,000/- ; 38,785/- (തനത്ഫണ്ട്) | 12,080/- | 1,76,705/- |

| | | | | | | |
|---|---|---|---|---|---|---|
| 4. | വയോജനങ്ങൾക്ക് ജീവിതശൈലീരോഗങ്ങൾക്കായി മരുന്നുവാങ്ങൽ (നം.129/19-20), വികസന ഫണ്ട്, മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം | 7,00,000/- | 7,00,000/- ബിൽ-5/19(20.11.19) | | 5,52,231/- | 1,47,769/- |

മരുന്നുകൾ അടിയന്തിരമായി ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതും ലഭ്യമാക്കുന്ന മരുന്നുകൾ സ്റ്റോക്കിലെടുത്ത് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്. ആരോഗ്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ ശ്രദ്ധ ഈ വിഷയത്തിൽ ഉണ്ടാകേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി – 17/2020,20.08.2020

## 1-17 മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി -നിർവ്വഹണത്തിൽ കൂടുതൽ കാര്യക്ഷമത ഉറപ്പുവരുത്തണം

രാജ്യത്തിലെ ജനങ്ങളിൽ കായിക തൊഴിൽ ചെയ്യുവാൻ സന്നദ്ധതയുള്ളവർക്ക് ഒരു വർഷം 100 ദിവസം തൊഴിൽ ഉറപ്പുവരുത്തുന്ന പദ്ധതിയാണ് ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി. 2019-2020 വർഷം 8096 കുടുംബങ്ങൾക്കായി 206675 മനുഷ്യ ദിനങ്ങൾ തൊഴിൽ നൽകുകയും 996 കുടുംബങ്ങൾക്ക് നൂറ് ദിന തൊഴിൽ പൂർത്തീകരിക്കാനും സാധിച്ചു.

<u>2018-19 കാലയളവിൽ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ടുള്ള പ്രധാന അപാകങ്ങൾ ചുവടെ ചേർക്കുന്നു.</u>

1. പദ്ധതികളുടെ പ്രാരംഭനിലയിലുള്ള കൃത്യതയാർന്ന ആസൂത്രണം ഉറപ്പാക്കേണ്ടത് അനിവാര്യമാണ്. അപേക്ഷകർ ലഭ്യമാക്കുന്ന രേഖകളുടെ നിജസ്ഥിതി ഉറപ്പുവരുത്തും വിധമുള്ള പ്രാരംഭ വെരിഫിക്കേഷൻ നടത്തിയിട്ടില്ല.
2. നിർമ്മാണ പ്രവൃത്തികളുടെ സാധൂകരണത്തിനായുള്ള ജിയോടാഗ് ഫോട്ടോഗ്രാഫ് ഫയലിൽ ചേർത്തിട്ടില്ല.ഇതിനാൽ തന്നെ പ്രവൃത്തികളുടെ ഘട്ടങ്ങൾ കൃത്യതയോടെ വിലയിരുത്താൻ സാധിക്കാത്ത സാഹചര്യമുണ്ട്. പ്രവൃത്തി തുടങ്ങുന്നതിന് മുമ്പ്, പ്രവൃത്തി നടന്നു കൊണ്ടിരിക്കുമ്പോൾ,പ്രവൃത്തി പൂർത്തീകരിച്ചു കഴിയുമ്പോൾ തുടങ്ങിയ ഓരോ ഘട്ടത്തിലെയും ഫോട്ടോകൾ ഫയലിൽ സൂക്ഷിക്കണമെന്ന് നിഷ്കർഷിച്ചിട്ടുള്ളതാണ്. ജിയോടാഗ്ഡ് ഫോട്ടോഗ്രാഫുകൾ പ്രവൃത്തിസ്ഥലം തിരിച്ചറിയുന്നിനുള്ള ഉപാധിയാണ്. എന്നാൽ ഇവ ഒരു ഫയലിൽപ്പോലും ചേർത്തിട്ടില്ല.
3. സൈറ്റ് ഡയറി വിവരങ്ങൾ പൂർണ്ണമല്ല.
4. വിജിലൻസ് ആൻഡ് മോണിറ്ററിംഗ് കമ്മിറ്റി പ്രവർത്തനം പൂർണതോതിൽ നിർവഹിച്ചു കാണുന്നില്ല. പ്രവൃത്തിയുടെ ഒരു ഫയലിലും കമ്മറ്റി രേഖപ്പെടുത്തലുകൾ ഇല്ല. ദേശീയപ്രാധാന്യമുള്ള പദ്ധതിയെ കാര്യക്ഷമതയോടെ കൈകാര്യം ചെയ്യുന്നതിൽ കൂടുതൽ ജാഗ്രത ഉണ്ടാകേണ്ടതാണ്.
5. സ്ഥിര ആസ്തി രജിസ്റ്റർ പരിപാലിക്കുന്നില്ല. അതത് വർഷത്തെ ആസ്തി രജിസ്റ്റർ കാലികമാക്കി ആധികാരികമാക്കി സൂക്ഷിക്കേണ്ടതാണ്.
6. അപേക്ഷകൻ സമർപ്പിക്കുന്ന രേഖകളിന്മേൽ പരിശോധന നടത്തി ബന്ധപ്പെട്ട എഞ്ചിനീയർ സാക്ഷ്യപ്പെടുത്താത്ത സാഹചര്യത്തിൽ അർഹത മാനദണ്ഡം ഉറപ്പ്

വരുത്തുന്നതിന് വ്യവസ്ഥാപിതമായ സംവിധാനം ഇല്ലാത്ത സ്ഥിതിയുണ്ട്.

7. പ്രവൃത്തി പൂർത്തീകരിക്കുന്ന സാഹചര്യത്തിൽ ബന്ധപ്പെട്ട എൻജിനീയറുടെ പൂർത്തീകരണ സാക്ഷ്യപത്രം/മോണിറ്ററിംഗ് റിപ്പോർട്ട് കൂടി ഉൾപ്പെടുത്തേണ്ടതാണ്.

8 മസ്റ്റർ റോൾ രേഖപ്പെടുത്തലുകൾ കൂടുതൽ കൃത്യതയോടെ ചെയ്യേണ്ടതും യഥാസമയം പരിശോധനാ വിധേയമാക്കേണ്ടതുമുണ്ട്. വെട്ടി തിരുത്തലുകൾ ഒഴിവാക്കേണ്ടതാണ് .

9. പദ്ധതികളുടെ തുടർമോണിറ്ററിംഗ് നിർവഹിക്കേണ്ടതാണ്.പദ്ധതികളുടെ ഫലപ്രാപ്തി ഉറപ്പാക്കും വിധമുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്താവുന്നതാണ്.

10. തൊഴിലുറപ്പ് പദ്ധതി മാർഗരേഖ പ്രകാരമുള്ള പ്രകൃതി വിഭവ സംരക്ഷണം, മാലിന്യനിർമാർജനം, തരിശ്ഭൂമി-പാഴ്ഭൂമി എന്നിവ കൃഷിക്ക് അനുയോജ്യമാക്കൽ, പൊതു ആസ്തികളുടെ സംരക്ഷണം എന്നിങ്ങനെയുള്ള അടിയന്തിര പ്രാധാന്യമുള്ള വിഷയങ്ങൾ ഏറ്റെടുക്കുന്നതിന് മുൻഗണന നൽകും വിധമുള്ള പ്രവർത്തനങ്ങൾ നിർവഹിച്ചു കണ്ടില്ല. നിലവിലുള്ള ആസ്തികളുടെ സംരക്ഷണം ഉറപ്പാക്കുംവിധമുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കാവുന്നതാണ്.

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വിഭാവനം ചെയ്യുന്ന മഹത്തായ സന്ദേശം ഉറപ്പുവരുത്തും വിധം ഗ്രാമീണ തൊഴിൽമേഖലയെ ശാക്തീകരിക്കുന്നതിനും കൂടുതൽ സുതാര്യമായ പ്രവർത്തനങ്ങളിലൂടെ പ്രാദേശിക വികസനം സുതാര്യമാക്കുന്നതിനും ഭരണനിർവഹണ വിഭാഗങ്ങൾ പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതുണ്ട്.

<u>1-18 ഇ- ടെണ്ടർ ചെയ്തിട്ടുള്ള മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫാറവില ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടിവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും ഗ്രാമപഞ്ചായത്ത് അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടില്ല</u>

ഇ- ടെണ്ടർ ചെയ്തിട്ടുള്ള മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫാറവില ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടിവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് ഒടുക്കവരുത്തിയിട്ടുള്ളത്. 2019-20 സാമ്പത്തിക വർഷം ഇത്തരത്തിൽ 161950/- രൂപ വരവുള്ളതായി കണക്കുകൾ വ്യക്തമാക്കുന്നു. ടി തുക ഗ്രാമപഞ്ചായത്ത് അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തതിന്റെ വിശദവിവരം ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ച് 16-07-2020 ൽ നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം15-2) മറുപടിയായി 'Account Mapping'എന്ന സാങ്കേതിക പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ തുക ഗ്രാമപഞ്ചായത്ത് അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടില്ല എന്ന് അസി എഞ്ചിനീയർ അറിയിച്ചു. ഇ- ടെണ്ടർ ചെയ്തിട്ടുള്ള മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫാറവില ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടിവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും ഗ്രാമപഞ്ചായത്ത് അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത്, വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

<u>1-19 ആയുർവേദ ആശുപത്രി കെട്ടിട നിർമ്മാണം പദ്ധതിയിലെ നടപടിക്രമങ്ങളിൽ അപാകത</u>

2019-20 വർഷത്തിൽ അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 80,00,000/-രൂപ (ആരോഗ്യ വകുപ്പ് ഫണ്ട്) അടങ്കൽ വകയിരുത്തി കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിനെ നിർമ്മാണ ചുമതല ഏൽപ്പിച്ച നിക്ഷേപപ്രവൃത്തിയാണ് 'ആയുർവേദ ആശുപത്രി കെട്ടിട നിർമ്മാണം' (Pro.No.269/19-20)

നിർവഹണ അധികാരി – അസി.എഞ്ചിനീയർ.

കരാറുകാരൻ : കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ്.

കരാർ നം. OA/AE/LSGD/EDML Dtd.24.06.2019.
2019-20 വർഷത്തിൽ കരാറുകാരന് നൽകിയ തുക. 3200000/-രൂപ. (ചെക്ക് നം. 114074/Dtd.8.7.19:1600000/-രൂപ, ചെക്ക് നം. 256982/Dtd.29.2.2020:1600000/-രൂപ).
പദ്ധതി സംബന്ധമായ നടപടിക്രമങ്ങളിൽ ചുവടെ ചേർക്കുന്ന അപാകതകൾ ഓഡിറ്റ് നിരീക്ഷിക്കുന്നു.

എ. പഞ്ചായത്തിൽ അസിസ്റ്റന്റ് എൻജിനീയറുടെ നേതൃത്വത്തിൽ എൻജിനീയറിങ് വിഭാഗം പ്രവർത്തനസജ്ജമായിരുന്നിട്ടും കെട്ടിട നിർമ്മാണ പ്രവൃത്തി സംസ്ഥാന ഭവന നിർമ്മാണ ബോർഡിനെ ടെൻഡർ നടപടികൾ കൂടാതെ ഏൽപ്പിച്ചത് വഴി 'ടെൻഡർ ഡിഡക്ഷൻ' വഴി ഉള്ള ചെലവ് ചുരുക്കലിന്റെ സാദ്ധ്യത പരിശോധിക്കപ്പെട്ടില്ല. കൂടാതെ കരാറുകാരന്റെ ലാഭം ഉൾപ്പെടുന്ന എസ്റ്റിമേറ്റ് നിരക്കിനൊപ്പം 8% തുക കൺസൾട്ടിംഗ് ഫീസിനത്തിൽ അധികമായും നൽകേണ്ടിവരുന്നു.

ബി. മരാമത്ത് പ്രവൃത്തികളുടെ നിർവഹണത്തിനായി അക്രെഡിറ്റഡ് ഏജൻസികളെ തെരഞ്ഞെടുക്കുമ്പോൾ, നൽകേണ്ടിവരുന്ന ചാർജ്ജുകളിൽ ഇളവ് ലഭിക്കാനുള്ള സാധ്യത 'മത്സരാധിഷ്ഠിത വാഗ്ദാനങ്ങൾ' ആയി ആവശ്യപ്പെട്ടുറപ്പുവരുത്തണമായിരുന്നു. (GO(P)No.311/14/Fin.Dtd.30.07.2014). നിർദ്ദേശം പാലിക്കപ്പെട്ടിട്ടില്ല.

സി. GO(P)No.311/14/Fin.Dtd.30.07.2014 ഉത്തരവിലെ ഉപ ഖണ്ഡികXIV പ്രകാരം എസ്റ്റിമേറ്റ് തുകയുടെ 20% മാത്രം പരമാവധി മുൻകൂർ നൽകാവുന്നതും, ശേഷിക്കുന്ന തുക യഥാർത്ഥ പ്രവൃത്തി മൂല്യത്തിന്റെ അടിസ്ഥാനത്തിൽ,എസ്റ്റിമേറ്റ് തുകയുടെ പരമാവധി 15 %ൽ നിജപ്പെടുത്തി 5 ഗഡുക്കളായി നൽകേണ്ടതുമാണ്. ഇത്തരത്തിൽ തുകകൾ നൽകുമ്പോൾ ശേഷിക്കുന്ന 5% തുക 'പെർഫോമൻസ് ഗ്യാരണ്ടി'ആയി സൂക്ഷിക്കേണ്ടതും ഒബ്സർവേഷൻ കാലാവധി പൂർത്തീകരിച്ച ശേഷം മാത്രം തിരികെ നൽകേണ്ടതുമാണ്. എന്നാൽ സംസ്ഥാന ഭവന നിർമ്മാണ ബോർഡുമായി അസിസ്റ്റന്റ് എൻജിനീയർ ഏർപ്പെട്ടിരിക്കുന്ന കരാർപ്രകാരം 20% വീതം വരുന്ന 5 ഗഡുക്കളായി തുക പൂർണമായും നൽകേണ്ടി വരുന്നു. ഇതുമൂലം പെർഫോമൻസ് ഗ്യാരണ്ടി ഉറപ്പുവരുത്താൻ കഴിയുന്നില്ല.

ഡി. GO(P)No.311/14/Fin.Dtd.30.07.2014ഉത്തരവിലെ XIII ഉപ ഖണ്ഡികയിൽ, പ്രവൃത്തി പൂർത്തീകരിച്ചതിനുശേഷം അഞ്ച് വർഷത്തിൽ കുറയാത്ത കാലയളവ് 'ഒബ്സർവേഷൻ' കാലയളവായി കരാറിൽ വ്യവസ്ഥചെയ്യാൻ നിർദ്ദേശിക്കുന്നു.എന്നാൽ ഭവന നിർമ്മാണ ബോർഡുമായി അസിസ്റ്റന്റ് എൻജിനീയർ ഏർപ്പെട്ടിരിക്കുന്ന കരാറിൽ ഇപ്രകാരം വ്യവസ്ഥ ചെയ്തിട്ടില്ല.

ഇ. കരാറിൽ എവിടെയും ഭവന നിർമ്മാണബോർഡ് നേരിട്ട് നിർമ്മാണ പ്രവർത്തി നടത്തുന്നില്ല എന്ന് വ്യക്തമാക്കിയിട്ടില്ല. അക്രഡിറ്റഡ് ഏജൻസി നേരിട്ട് നിർമ്മാണ പ്രവർത്തി നടത്തുന്ന ഘട്ടങ്ങളിൽ എസ്റ്റിമേറ്റിൽ കരാറുകാരന്റെ ലാഭം ഉൾപ്പെടുത്താൻ സാധിക്കുകയില്ല. (GO(P)No.95/2017/Fin.Dtd.25.07.2017). എന്നാൽ അസിസ്റ്റന്റ് എൻജിനീയർ കരാറിലൂടെ അംഗീകരിച്ചിരിക്കുന്ന 80,00000/- രൂപയുടെ എസ്റ്റിമേറ്റിൽ കരാറുകാരന്റെ ലാഭം ഇനത്തിൽ 10% തുകയും ഉൾപ്പെടുന്നു. കരാറുകാരായ ഭവനനിർമ്മാണ ബോർഡ് പ്രവൃത്തി പുറംകരാർ വഴിനിർവ്വഹിച്ചാൽത്തന്നെ അതുവഴിലഭിച്ചേക്കാവുന്ന ലാഭം പഞ്ചായത്തിന് ലഭ്യമാക്കുമെന്ന് കരാറിൽ ഉറപ്പുവരുത്തിയിട്ടുമില്ല.

എഫ്. കരാർപ്രകാരം നിർമ്മാണ പ്രവർത്തിക്കായി സ്ഥലം കൈമാറിയ തീയതിയായ 24. 6.2019 മുതൽ എട്ടുമാസം പൂർത്തീകരിക്കുന്ന തീയതിയായ 23.2.2020 വരെ ആയിരുന്നു നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള കാലാവധി. എന്നാൽ നാളിതുവരെരണ്ടു ഗഡുക്കളായി 32,00000/- രൂപ മാത്രമാണ് നൽകിക്കാണുന്നത്. ആദ്യ ഗഡുവായ 16,00000/- രൂപയുടെ വിനിയോഗ സാക്ഷ്യപത്രം വാങ്ങാതെയും, പൂർത്തീകരിച്ച പ്രവർത്തികൾ സംബന്ധമായി മൂല്യാധിഷ്ഠിത സാക്ഷ്യപത്രം ഫയലിൽ സൂക്ഷിക്കാതെയും, എഗ്രിമെന്റ് പ്രകാരം നിർമ്മാണ പ്രവർത്തികൾ പൂർത്തീകരിക്കുന്നതിനുള്ള സമയപരിധി അവസാനിച്ചത് കണക്കിലെടുക്കാതെയുമാണ് രണ്ടാം ഗഡു തുക 1600000/- രൂപ കൂടി നൽകിയിരിക്കുന്നത്.

ജി. കരാർ കാലാവധിക്കുള്ളിൽ ഭവന നിർമ്മാണ ബോർഡിന് പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയാതെ വന്നാലോ, ബോർഡ് പദ്ധതി ഉപേക്ഷിച്ചാലോ ഉണ്ടാകേണ്ട തുടർനടപടി എന്താണെന്ന് കരാറിൽ വ്യവസ്ഥ ചെയ്തിട്ടില്ല.

മേൽ അപാകതകൾക്കുമേൽ പഞ്ചായത്ത് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു. അപാകതകൾ പരിഹരിക്കുന്ന വിധത്തിൽ, കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡുമായി പുതുക്കിയ കരാർ ചമയ്ക്കുന്നതിനും, പദ്ധതി അടങ്കൽ തുക മുൻകൂറായി പഞ്ചായത്തിന്റെ അക്കൗണ്ടിൽ വരവ് വന്നിട്ടുള്ളതിനാൽ കെട്ടിടനിർമ്മാണ പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുമാവശ്യമായ നടപടികൾ അധികാരികളുടെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി-22/24-08-2020

## 1-20 ടാറിങ് പ്രവർത്തികൾ-ഒഴിഞ്ഞ ടാർ ബാരലുകളുടെ വില 40745/- രൂപ ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് ഒടുക്ക് വരുത്തി ഒടുക്കു വരുത്തി

അസിസ്റ്റൻറ് എൻജിനീയറുടെ നിർവഹണഅധികാരത്തിൽ നടപ്പിൽ വരുത്തിയ ബിറ്റുമിൻ ഉപയോഗിച്ചിട്ടുള്ള റോഡ് പ്രവർത്തികളിൽ, എസ്റ്റിമേറ്റിൽ 'പാക്ക്ട്ബിറ്റുമിൻ റേറ്റ് 'അനുവദിച്ചു നൽകിയിരുന്നു. എന്നാൽ പ്രവൃത്തികളുടെ അവസാന ബിൽ തുകയിൽനിന്നും കാലി ബാരലുകളുടെ വില തിരികെ ഇടാക്കിയിരുന്നില്ല. 2019-20 വർഷത്തിൽ ഇത്തരത്തിൽ നടത്തിയ 8 പ്രവൃത്തികളിലായി 40745/- രൂപ നഷ്ടം കണക്കാക്കി, അതിനുമേൽ വിശദീകരണം ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.15(1)/16.07.2020ന് മറുപടിയായി പ്രസ്തുത തുക ഈടാക്കി ഒടുക്കു വരുത്തിയതായി രസീത് സഹിതം പദ്ധതി നിർവഹണ അധികാരി ബോധിപ്പിച്ചിട്ടുള്ളത് ഓഡിറ്റിൽ പരിശോധിച്ച് ബോദ്ധ്യപ്പെട്ടിട്ടുണ്ട്.

## 1-21 ഉദ്ഘാടനച്ചെലവിന് തുക അധികം ചെലവഴിച്ചു.

2019-2020 സാമ്പത്തികവർഷത്തിൽ ഗ്രാമപഞ്ചായത്ത് ഹരിതകർമ്മസേനയുടെ അംഗങ്ങൾക്കുള്ള യൂണിഫോം വിതരണം പ്രവർത്തനോദ്ഘാടനത്തിനായി ആകെ 23500/- രൂപ ചെലവഴിച്ചു. വിശദാംശങ്ങൾ ചുവടെക്കൊടുക്കുന്നു

| വൗച്ചർ നം./ തീയതി | ഇനം | നൽകിയ തുക | ചെക്ക് നം/തീയതി | തുക നൽകിയത് |
|---|---|---|---|---|
| 21900071/ 3.5.19 | പന്തൽ ,സ്റ്റേജ്, കസേര | 10500/- (4500+5000+1000) | 82418/3.5.19 | അമൽ വർഗ്ഗസ്, പുളിങ്കീഴിൽ ഇവന്റ്സ്, ഇടമുളയ്ക്കൽ |

| | | | | |
|---|---|---|---|---|
| 21900071/ 3.5.19 | മൈക്ക്സെറ്റ്, അനൗൺസ്മെന്റ് | 13000/- (6500+6500) | 82418/3.5.19 | അമൽ വർഗ്ഗസ്, പുളിങ്കീഴിൽ ഇവന്റ്സ്, ഇടമുളയ്ക്കൽ |
| ആകെ | | 23500 | | |

ജി.ഒ(ആർ.ടി)3866/2015/തസ്വഭവ 28.12.15 ഉത്തരവനുസരിച്ച് ഗ്രാമപഞ്ചായത്ത് സ്ഥാപനങ്ങളിൽ മന്ത്രിമാർ പങ്കെടുക്കുന്ന ഉദ്ഘാടനച്ചടങ്ങിന് 25000/- രൂപയും അല്ലാതെയുള്ള ഉദ്ഘാടനച്ചടങ്ങിന് 10000/- രൂപയും മാത്രമാണ് തനതുഫണ്ടിൽ നിന്നും ചെലവഴിക്കാവുന്നത്.ടി ഉദ്ഘാടനച്ചടങ്ങിന്റെ നോട്ടീസ് പ്രകാരം മന്ത്രിമാരാരും പങ്കെടുത്തതായി കാണുന്നില്ല. ആയതിനാൽ 10000 രൂപ മാത്രമാണ് ടിയിനത്തിൽ ചെലവഴിക്കാവുന്നത്. തുക അധികം ചെലവഴിക്കാനുള്ള സാഹചര്യം വ്യക്തമാക്കുന്നതിന് നൽകിയ എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ രണ്ടു പ്രവർത്തനങ്ങൾക്കുവേണ്ടി നടത്തിയ ചെലവായതിനാലാണ് തുക അധികം ചെലവഴിച്ചതെന്നും ടി വിഷയം കമ്മിറ്റിയിൽ ചർച്ച ചെയ്ത് തീരുമാനമെടുത്തതായും മറുപടി ലഭ്യമാക്കി. എന്നാൽ മേൽ കമ്മിറ്റിത്തീരുമാനം ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ലാത്തതും വൗച്ചർ പരിശോധിച്ചതിൽ ഹരിതകർമ്മസേനയുടെ അംഗങ്ങൾക്കുള്ള യൂണിഫോം വിതരണം പ്രവർത്തനോദ്ഘാടനത്തിനായി തുക ചെലവഴിച്ചതെന്നുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ആയതിനാൽ ടിയിനത്തിൽ അധികം ചെലവഴിച്ച 13500 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

എൻക്വയറി നം.7/16.7.2020

നിരാകരിച്ച തുക-13500

ഉത്തരവാദിയായ ഉദ്യോഗസ്ഥൻ-സെക്രട്ടറി

## 1-22 ഹോമിയോ ആശുപത്രിക്ക് മരുന്നുവാങ്ങൽ-മരുന്നു ലഭിക്കാൻ അവശേഷിക്കുന്നു.

പ്രോജക്ട് നം - S0135/9.3.2020
നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ, ഹോമിയോ

ഹോമിയോ ആശുപത്രിക്ക് മരുന്നുവാങ്ങുന്നതിനായി 800000 രൂപ മെയിന്റനൻസ് ഫണ്ട് – റോഡിതരം ബിൽ നം.1/2019-2020 പ്രകാരം ചെലവഴിച്ചു. ടി തുക മാനേജിംഗ് ഡയറക്ടർ, ഹോംകോയ്ക്ക് നല്കിയതിൽ ഇൻവോയ്സ് നം.LF 2239/9.3.2020 പ്രകാരം 492910 രൂപയുടെ മരുന്നു ലഭിച്ചിട്ടുണ്ട്. ശേഷിക്കുന്ന 307090 രൂപയുടെ മരുന്ന് ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടി ഓഡിറ്റിൽ അറിയിക്കുന്നതിന് നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. മരുന്നു ലഭ്യമാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതും ആയതു സ്റ്റോക്കിലെടുത്ത് രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതുമാണ്.

എൻക്വയറി നം. 8/16.7.2020

## 1-23 ആട്ടുവളർത്തൽ പദ്ധതി-സബ്സിഡി തുക അധികം നൽകി.

പ്രോജക്ട് നം./പേര് – SO 158/2020 (ആട്ടുവളർത്തൽ പദ്ധതി- SCP)

അടങ്കൽ - 130000 (97500-വികസനഫണ്ട്, 32500- ഗുണഭോക്തൃവിഹിതം)

ചെലവ് – 45000(6/19-20/20.1.2020),

15000 (ചെക്ക് നം. 033177/21.12.2019)

പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് ആട്ടുവളർത്തൽ പദ്ധതി പ്രകാരം ഒരു യൂണിറ്റിന് 10000 രൂപ നിരക്കിൽ (7500-സബ്സിഡി, 2500- ഗുണ. വിഹിതം) 6 ആട്ടുകളെ (ഒരു

യൂണിറ്റ്-1 ആട്) 6 ഗുണഭോക്താക്കൾക്ക് നൽകിയിട്ടുണ്ട്.ടിയിനത്തിൽ സബ്സിഡി തുകയായ 45000 രൂപയും 15000 ഗുണഭോക്തൃവിഹിതവും ഉൾപ്പെടെ 60000 രൂപ ആടിനെ വിറ്റ നാസ്സർ, പാങ്ങലിൽ പുത്തൻവീട്, തടിക്കാട് എന്ന വ്യക്തിക്ക് നൽകിയിട്ടുണ്ട്. ഗുണഭോക്താക്കളുടെ കൈപ്പറ്റരസീതുപ്രകാരം 5000 രൂപ വിലയുള്ള പെണ്ണാടിനെ ആയൂർ സീനിയർ വെറ്റിനറി സർജൻ പക്കൽനിന്നും കൈപ്പറ്റിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. ആടിന്റെ വിലയുടെ 75% മാത്രമാണ് സബ്സിഡിയായി അനുവദിക്കാവുന്നത്. മേൽപ്രകാരം 5000 രൂപയുടെ 75% തുകയായ 3750 രൂപ മാത്രമാണ് അനുവദിക്കാവുന്നത്. എന്നാൽ, 5000 രൂപ വിലയുള്ള ആടിന് 7500 രൂപ സബ്സിഡിയും 2500 രൂപ ഗുണഭോക്തൃവിഹിതവും നൽകിയതിന്റെ കാരണം വ്യക്തമാക്കുന്നതിന് നൽകിയ എൻക്വയറിക്ക് മുൻപ് നടത്തിയ പദ്ധതിയുടെ കൈപ്പറ്റരസീതാണ് ഗുണഭോക്താക്കൾ ഉപയോഗിച്ചതെന്നും ആയത് തെറ്റായി ഫയലിൽ സൂക്ഷിച്ചിരുന്നതെന്നും 10000 രൂപയുടെ കൈപ്പറ്റരസീത് മറ്റൊരു ഫയലിൽ സൂക്ഷിച്ചിരുന്നതായും മറുപടി ലഭ്യമാക്കി. ആയത് അംഗീകരിക്കുന്നില്ല. ആയതിനാൽ സബ്സിഡിയിനത്തിൽ 6 ഗുണഭോക്താക്കൾക്ക് അധികം നൽകിയ 22500 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

എൻക്വയറി നം. – 9/16.7.2020

നിരാകരിച്ച തുക – 22500/-

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഡോ.ഷാഹുൽ ഹമീദ്, വെറ്റിനറി സർജൻ

1-24 കുടിവെള്ള വിതരണം -കരാറിലെ വ്യവസ്ഥകൾ ലംഘിച്ചിട്ടും നിയമനടപടികൾ സ്വീകരിക്കാതെ വീണ്ടും ക്വട്ടേഷൻ നടത്തി ഉയർന്ന നിരക്കിൽ കുടിവെള്ള വിതരണം നടത്തിയ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

പ്രോജക്റ്റ് നം - 323/2020, വരൾച്ചാ ദുരിതാശ്വാസം കുടിവെള്ള വിതരണം

ഫണ്ട് - തനത് ഫണ്ട്

പദ്ധതി അടങ്കൽ - 600000/-

ചെലവ് - 541630/-

നിർവ്വഹണം – സെക്രട്ടറി

കേരള വാട്ടർ അതോറിട്ടിയുടെ അംഗീകൃത റിസർവോയറിൽ നിന്നും കുടിവെള്ളം ശേഖരിച്ച് ഗ്രാമപഞ്ചായത്ത് പ്രദേശത്ത് കുടിവെള്ള ക്ഷാമം രൂക്ഷമായി അനുഭവപ്പെടുന്ന പ്രദേശങ്ങളിൽ 5000 ലിറ്റർ ശേഷിയുള്ള ടാങ്ക് ഘടിപ്പിച്ചതും ജി.പി.എസ് ഘടിപ്പിച്ചതുമായ വാഹനത്തിൽ വിതരണം നടത്തുന്നതിന് കിലോമീറ്റർ/ദിവസ വാടകനിരക്ക് രേഖപ്പെടുത്തിയുള്ള ക്വട്ടേഷനാണ് 27-03-2019ലെ ഇ3-7278/2017നമ്പർ ക്വട്ടേഷൻ പരസ്യത്തിലൂടെ ഗ്രാമപഞ്ചായത്ത് ക്ഷണിച്ചത്. ടി ക്വട്ടേഷൻ പരസ്യത്തിലെ ആറാമത്തെ നിബന്ധന പ്രകാരം ലോറികളിൽ 5000 ലിറ്റർ ടാങ്കും ഹോസും ജി.പി.എസ് സംവിധാനവും ക്വട്ടേഷനിൽ പങ്കെടുക്കുന്നവർ സ്വന്തം നിലയിൽ ഘടിപ്പിച്ചിരിക്കണം. 09/04/2019 ൽ തുറന്ന് പരിശോധിച്ച ക്വട്ടേഷനുകളിൽ ഏറ്റവും കുറഞ്ഞ നിരക്കായ കിലോമീറ്ററിന് 45/-രൂപ രേഖപ്പെടുത്തിയ ശ്രീ. എൻ. സുരേന്ദ്രൻ, കലാഭവൻ, നെടിയറ എന്ന വ്യക്തിയെ കുടിവെള്ള വിതരണം നടത്തുന്നതിനായി 10/04-2019 ലെ പഞ്ചായത്ത് ജനറൽ കമ്മിറ്റിയുടെ ഒന്നാം നമ്പർ തീരുമാന പ്രകാരം അംഗീകരിക്കുകയും ടിയാനുമായി കരാറു വച്ച് പരമാവധി വാഹനങ്ങളിൽ കുടിവെള്ളവിതരണം അടിയന്തിരമായി നടത്തുന്നതിന് തീരുമാനിക്കുകയും ചെയ്തു.ആയതിന്റെ അടിസ്ഥാനത്തിൽ 11-04-2019 ൽ ശ്രീ. സുരേന്ദ്രൻ ഒന്നാംകക്ഷിയായും ഗ്രാമപഞ്ചായത്ത് സെക്രട്ടറി രണ്ടാം കക്ഷിയുമായി ചമച്ച കരാറിലെ നിബന്ധന നാല് പ്രകാരം "ഏതെങ്കിലും കാരണവശാൽ ഒന്നാംകക്ഷിക്ക് ടി പ്രവൃത്തി നടത്താൻ സാധിക്കാതെ വന്നാൽ പകരം ക്രമീകരണം ഒന്നാം കക്ഷി

സ്വന്തം ഉത്തരവാദിത്വത്തിൽ ചെയ്യേണ്ടതാണെന്നും ഇതിന് അധികമായി തുക അനുവദിക്കുന്നതല്ല" എന്നുമാണ്.

എന്നാൽ ഒന്നാം കക്ഷിയായ സുരേന്ദ്രൻ കുടിവെള്ളവിതരണം നടത്തുന്നതിന് ഒരു വാഹനം മാത്രമാണ് വിട്ടു തന്നതെന്നും മറ്റ് പഞ്ചായത്തുകളെ അപേക്ഷിച്ച് വളരെ കുറഞ്ഞ നിരക്കാണ് ടിയാൻ രേഖപ്പെടുത്തിയതെന്നും ആയതിനാൽ കുടിവെള്ളം വിതരണം നടത്താൻ ഇതേ നിരക്കിൽ മറ്റ് മൂന്ന് പേരെ കൂടി ചുമതലപ്പെടുത്തിയും ടി ആളുകളുടെ വാഹനങ്ങളിൽ വാട്ടർ ടാങ്കും ജി.പി.എസ് സൗകര്യവും ഇല്ലാതിരുന്നതിനാൽ പഞ്ചായത്ത് സ്വന്തം നിലയിൽ ജി.പി.എസ് നേരിട്ട് വാങ്ങി നൽകുവാനും പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്ഥാപിച്ചിരുന്ന മൂന്നു വാട്ടർ ടാങ്കുകൾ നൽകുവാനും കൂടാതെ കിലോമീറ്ററിന് ടി 45/-രൂപ കുടിവെള്ളവിതരണം നടത്താൻ ആളുകൾ തയ്യാറാകാത്ത സ്ഥിതിക്ക് വീണ്ടും ക്വട്ടേഷൻ ക്ഷണിക്കാൻ പഞ്ചായത്ത് ജനറൽ കമ്മിറ്റി(25-05-2019 ഒന്നാം നമ്പരായി )തീരുമാനിക്കുകയും ചെയ്തു.ആയതിൻ പ്രകാരം പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും 23010/-രൂപ ചെലവഴിച്ച് (വൗച്ചർ നം-21900093/15-05-2019,ചെക്ക് നം-822427) മൂന്ന് ജി.പി.എസ് വാങ്ങി വാഹനങ്ങളിൽ ഘടിപ്പിച്ച് നൽകി.ദർഘാസ് പരസ്യത്തിലെ നിബന്ധനകൾക്ക് വിരുദ്ധമായി വാഹനങ്ങളിലേക്ക് ജി.പി.എസ് സൗകര്യം ഒരുക്കുന്നതിനായി ഗ്രാമപഞ്ചായത്ത് നടത്തിയ ചെലവ് അംഗീകരിക്കാവുന്നതല്ല.

തുടർന്ന് 29-05-2019ൽ നടത്തിയ ക്വട്ടേഷനിൽ ഏറ്റവും കുറവ് നിരക്കായ കിലോമീറ്ററിന് 70/-രൂപ രേഖപ്പെടുത്തിയവരിൽ നിന്നും കുടിവെള്ള വിതരണം നടത്തുന്നതിന് ആളുകളെ ചുമതലപ്പെടുത്താമെന്ന 03-06 2019 ലെ ജനറൽ കമ്മിറ്റിയുടെ 2(1)നമ്പർ തീരുമാനപ്രകാരം ശ്രീ ഹസ്സൻ കുട്ടി, ശ്രീ റിനീഷ്. പി. എസ് എന്നിവർക്ക് 70/- രൂപ നിരക്കിൽ കുടിവെള്ളവിതരണം നടത്തിയതിന് തുക നൽകിയിട്ടുണ്ട്. 70/-രൂപ നിരക്കിൽ നടത്തിയ ചെലവിന്റെ വിവരം ചുവടെ ചേർക്കുന്നു.

| കരാറുകാരന്റെ പേര് | വൗച്ചർ നമ്പർ/ തീയതി | ചെക്ക് നമ്പർ | സഞ്ചരിച്ച ദൂരം(Km) | നൽകിയ തുക | 45/-രൂപ നിരക്കിൽ നൽകാവുന്ന തുക | അധികം നൽകിയ തുക |
|---|---|---|---|---|---|---|
| ഹസ്സൻകുട്ടി | 21900219/ 24-06-2019 | 2171971 | 679 | 47530 | 30555 | 16975 |
| റിനീഷ്.പി.എസ് | 21900772/ 09-11-2019 | 0208369 | 549 | 38430 | 24705 | 13725 |
| ആകെ | | | | | | 30700 |

1%നികുതി ഈടാക്കിയതിന് ശേഷമാണ് കരാറുകാർക്ക് തുക നൽകിയിരിക്കുന്നത്.

കുടിവെള്ള വിതരണം നടത്തിയതിൽ ചുവടെ സൂചിപ്പിക്കുന്ന അപാകതകൾ കാണുന്നു.

1)70/-രൂപ നിരക്ക് അംഗീകരിച്ച് നൽകിയ 03-06-2019 ലെ പഞ്ചായത്ത് കമ്മിറ്റിയിൽ തീരുമാനം 2(2)ൽ സെക്രട്ടറി തന്റെ വിയോജനകുറിപ്പ് രേഖപ്പെടുത്തിയിരുന്നുവെങ്കിലും 45/- രൂപ നിരക്കിൽ കുടിവെള്ള വിതരണം നടത്താൻ ഗ്രാമപഞ്ചായത്തുമായി കരാർ ചമച്ചിരുന്ന ശ്രീ.സുരേന്ദ്രനെതിരെ യാതൊരു നടപടികളും സ്വീകരിക്കാതിരുന്നതിനാൽ തുടർന്ന് വന്ന അധിക ചെലവിന് സെക്രട്ടറി ഉത്തരവാദിയാണ്.

2)സെക്രട്ടറി ക്വട്ടേഷനുകളിലെ അപാകത ചൂണ്ടിക്കാണിച്ച് കമ്മിറ്റി അംഗങ്ങൾക്ക് നിയമ ഉപദേശം നൽകിയിരുന്നുവെങ്കിലും ആയതിനെ പരിഗണിക്കാതെ ഉയർന്ന നിരക്കിൽ കുടിവെള്ള വിതരണം നടത്താൻ തീരുമാനിച്ച 03-06-2019ലെ ജനറൽ കമ്മിറ്റിയിൽ പങ്കെടുത്ത ഭരണസമിതി അംഗങ്ങളും ടി അധിക ചെലവിന് ഉത്തരവാദികളാണ്.

3)ആയതിനാൽ കുടിവെള്ള വിതരണത്തിനായി ക്വട്ടേഷനിൽ അംഗീകരിച്ച നിരക്കിൽ നിന്നും അധികമായി നല്കിയ 30700/- രൂപയും ജി.പി.എസ് വാങ്ങുന്നതിനായി ചെലവഴിച്ച 23010/-രൂപയും ഉൾപ്പെടെ ആകെ നടത്തിയ 53710/- രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ജി.പി.എസ് സൗകര്യത്തിനായി ചെലവഴിച്ച 23010/- രൂപ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്. ബാക്കി 30700/- രൂപ സെക്രട്ടറി, 03-06-2019ലെ പഞ്ചായത്ത് കമ്മിറ്റിയിൽ പങ്കെടുത്ത ഭരണ സമിതി അംഗങ്ങൾ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

നിരാകരിച്ച തുക - 53710/-

എൻക്വയറി നം – 30/25-08-2020

1-25 പദ്ധതി നിർവ്വഹണരേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല-ചെലവ് തുക തടസ്സപ്പെടുത്തുന്നു

2019-20 സാമ്പത്തിക വർഷത്തിൽ സെക്രട്ടറി നിർവ്വഹണം നടത്തിയ ചുവടെ സൂചിപ്പിക്കുന്ന പദ്ധതികളുടെ നിർവ്വഹണം സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം | പദ്ധതിനം/ പേര് | ഫണ്ട്/ അടങ്കൽ | ചെലവ് തുക/ ബിൽ നം/ ചെക്ക് നം | അഭിപ്രായം |
|---|---|---|---|---|
| 1 | 306/2020<br>തെരുവ് വിളക്ക് അറ്റകുറ്റപ്പണിക്ക് ഉപകരണങ്ങൾ വാങ്ങൽ | തനത് ഫണ്ട്/ 500000/- | 284000/-<br>257042/<br>26-03-2020 | ടി തുക<br>യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡിന് നൽകി. വിശദമായ പ്രോജക്ട്, ടെണ്ടർ വിശദാംശങ്ങൾ, സാധനങ്ങൾ വാങ്ങിയതിന്റെയും സ്റ്റോക്കിലെടുത്ത് വിതരണം നടത്തിയതിന്റെയും വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല |
| 2 | 349/2020<br>അംഗീകൃത ലൈബ്രറികൾക്ക് ഫർണീച്ചർ വാങ്ങൽ | തനത് ഫണ്ട് 150000 | 149625/-<br>257053/<br>27-03-2020 | കോടിയാട്ട് ഹോം അപ്ലയൻസസ് എന്ന സ്ഥാപനത്തിന് തുക നൽകിയിട്ടുണ്ട്. പ്രോജക്ട്, ടെണ്ടർ വിവരങ്ങൾ, സാധനങ്ങൾ വാങ്ങിയതിന്റെയും സ്റ്റോക്കിലെടുത്ത് വിതരണം നടത്തിയതിന്റെയും വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല |
| 3 | 363/2020<br>ഗ്രാമകേന്ദ്രങ്ങളുടെ വാടക | തനത്ഫണ്ട് 100000 | 63200/-<br>21901334/27-03-2020 | 3, 7, 8, 12, 14, 15, 21, 22 എന്നീ വാർഡുകളിൽ പ്രവർത്തിക്കുന്ന ഗ്രാമകേന്ദ്രങ്ങളുടെ വാടകയിനത്തിൽ തുക ചെലവഴിച്ചിരിക്കുന്നു. 2018-19 സാമ്പത്തിക വർഷത്തിൽ 21-ാം വാർഡിലെ കെട്ടിടത്തിന് പ്രതിമാസം 450/- രൂപ നിരക്കിലും ബാക്കിയുള്ളവയ്ക്ക് പ്രതിമാസം 500/-രൂപ നിരക്കിലുമാണ് ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ വാടക നിർണ്ണയിച്ച് നൽകിയിരുന്നത്. 2019-20 സാമ്പത്തിക വർഷത്തിൽ വാടക നിർണ്ണയിച്ചതിന്റെ വിവരങ്ങളും തുക നൽകിയിരിക്കുന്നത് ഏത് കാലയളവിലേയ്ക്കാണ് എന്ന് വ്യക്തമാക്കുന്ന രേഖകളും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. |
| 4 | 348/2020 | തനത് | 99650/- | കോടിയാട്ട് ഹോം അപ്ലയൻസസ് എന്ന |

| | | | | |
|---|---|---|---|---|
| | ഗ്രാമപഞ്ചായത്ത് ഓഫീസിലേയ്ക്ക് ഫർണീച്ചർ വാങ്ങൽ | ഫണ്ട്/ 100000/- | 257053/27-03-2020 | സ്ഥാപനത്തിന് തുക നൽകിയിട്ടുണ്ട്. പ്രോജക്ട്, ക്വട്ടേഷൻ വിവരങ്ങൾ, സാധനങ്ങൾ വാങ്ങിയതിന്റെയും സ്റ്റോക്കിലെടുത്ത് വിതരണം നടത്തിയതിന്റെയും വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല |
| 5 | 374/2020 കുടിവെള്ളകണക്ഷൻ | തനത് ഫണ്ട്/ 50000/- | 43200/- 256996/05-03-20220 | വാലിക്കോട് അങ്കണവാടി, അറയ്ക്കൽ സാംസ്കാരിക നിലയം,കൃഷി ഭവൻ, അറയ്ക്കൽ അങ്കണവാടി, തച്ചക്കോട് അങ്കണവാടി എന്നിവിടങ്ങളിൽ കുടിവെള്ളകണക്ഷൻ ലഭ്യമാക്കുന്നതിനായി വാട്ടർ അതോറിട്ടിയിൽ തുക ഒടുക്കിയിരിക്കുന്നു. ടി പ്രവൃത്തിയുടെ പൂർത്തീകരണ വിശദാംശങ്ങളും തുകയുടെ വിനിയോഗത്തിന്റെ വിവരങ്ങളും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. |
| 6 | 351/2020 ഗ്രാമപഞ്ചായത്ത് ഓഫീസിലേയ്ക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ | തനത് ഫണ്ട്/ 100000/- | 60309/- 1663536/24-02-2020 | ഡെസ്ക്ടോപ്പ് കമ്പ്യൂട്ടർ-1എണ്ണം, മോണോക്രോം നെറ്റ് വർക്ക് ലേസർ പ്രിന്റർ-2 എണ്ണം എന്നിവയ്ക്കായി കേരള സ്റ്റേറ്റ് ഐ.ടി മിഷനിൽ തുക ഒടുക്കിയിട്ടുണ്ട്. എന്നാൽ ടി ഉപകരണങ്ങൾ നാളിതു വരെ ലഭ്യമാക്കിയിട്ടില്ല. |
| | | | 699984/- | |

മേൽ സൂചിപ്പിച്ച കാരണങ്ങളാൽ വിവിധ പദ്ധതികൾക്കായി തൻവർഷം നടത്തിയ 699984/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

തടസ്സപ്പെടുത്തിയ തുക - 699984/-

ഓഡിറ്റ് എൻക്വയറി നം - 24/21-08-2020, 30/25-08-2020

## 1-26 ബാങ്ക് അക്കൗണ്ടുകളിൽ ഗ്രാമ പഞ്ചായത്തിന്റെ വാർഷിക കണക്കിൽ ഉൾപ്പെടാത്ത 3483804/-രൂപ അവശേഷിക്കുന്നു

ഇ.എം.എസ് ഭവനപദ്ധതിക്ക് വേണ്ടി വി.ഇ.ഒ-ഇടമുളയ്ക്കൽ, വി.ഇ.ഒ-അറയ്ക്കൽ എന്നീ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേരിൽ അറയ്ക്കൽ സർവ്വീസ് സഹകരണബാങ്കിലുള്ള അക്കൗണ്ടുകളിൽ വൻ തുക ചെലവഴിക്കപ്പെടാതെ അവശേഷിച്ചിരിക്കുന്നു.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | അക്കൗണ്ട് നം | ബാലൻസ് തുക/ തീയതി | അഭിപ്രായം |
|---|---|---|---|
| 1 | 002001009563 | 3186928/- As On 31-03-2020 | പഞ്ചായത്ത് പ്രസിഡന്റിന്റെയും വി.ഇ.ഒ-അറയ്ക്കലിന്റെയും പേരിലുള്ള സംയുക്ത അക്കൗണ്ട് |
| 2 | 002004006402 | 115227/- As On 30-03-2013 | വി.ഇ.ഒ-ഇടമുളയ്ക്കലിന്റെ പേരിലുള്ള അക്കൗണ്ട്. |
| 3 | 002004006401 | 181649/- | വി.ഇ.ഒ-അറയ്ക്കലിന്റെ പേരിലുള്ള അക്കൗണ്ട് |

| | | |
|---|---|---|
| | | As On 30-03-2013 |

ക്രമ നം 2, 3 എന്നിവ പ്രകാരമുള്ള അക്കൗണ്ടുകളിൽ പലിശ വരവ് ക്രഡിറ്റ് ചെയ്ത് വരുന്നില്ല, 19-12-2014ൽ ആണ് ക്രമനം 1 പ്രകാരമുള്ള ഇ.എം.എസ് അക്കൗണ്ടിൽ നിന്നും അവസാനം തുക പിൻവലിച്ചിരിക്കുന്നത്. പിന്നീട് പലിശവരവ് തുക മാത്രമാണ് ക്രഡിറ്റ് ആയി വന്നിട്ടുള്ളത്. പദ്ധതി പൂർത്തീകരണത്തിന് ശേഷവും നീക്കിയിരിപ്പ് തുകകൾ സർക്കാരിലേയ്ക്ക് തിരികെ ഒടുക്കുകയോ സർക്കാർ നിർദ്ദേശത്തിനനുസൃതമായി വക മാറ്റുകയോ ചെയ്യാതിരുന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

ഭവന നിർമ്മാണപ്രവർത്തികൾക്കായി പിൻവലിച്ച തുക വിനിയോഗിക്കാതെ അവശേഷിച്ചിരിക്കുന്ന സാഹചര്യത്തിൽ, സർക്കുലർ നം 326/ഡി.ബി1/2017/ ത.സ്വ.ഭ.വ/ 23.11.17 ലെ നിർദ്ദേശത്തിനനുസൃതമായി വിനിയോഗിയോഗിക്കാൻ നടപടിസ്വീകരിക്കുകയോ, സർക്കാരിലേക്ക് തിരികെ ഒടുക്ക് വരുത്തുകയോ ചെയ്ത് രേഖകൾ ഹാജരാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം-29/24-08-2020

1-27 എച്ച്.എം നിർവ്വഹണം നടത്തിയ പദ്ധതികളുടെ ചെലവ് രേഖകൾ,പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല-ചെലവ് തുക തടസ്സപ്പെടുത്തുന്നു

2019-20 സാമ്പത്തിക വർഷത്തിൽ എച്ച്.എം നിർവ്വഹണം നടത്തിയ ചുവടെ സൂചിപ്പിക്കുന്ന പദ്ധതികളുടെ ചെലവ് രേഖകൾ, തുകയുടെ വിനിയോഗവിവരങ്ങൾ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

| ക്രമ നം | പദ്ധതി നമ്പർ/ പേര് | ഫണ്ട്/ അടങ്കൽ തുക | ചെലവായ തുക/ ബിൽനമ്പർ/ ചെക്ക് നമ്പർ | അഭിപ്രായം |
|---|---|---|---|---|
| 1 | 04/19-2020 എസ്.എസ്.എ വിഹിതം ഒടുക്കൽ | വികസനഫണ്ട് (ജനറൽ) 1200000/- | 1200000/- ബിൽ നം-07/19-20/ 30-08-2019 | വിനിയോഗവിവരങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല |
| 2 | 05/19-2020 എസ്.എസ്.എ വിഹിതം ഒടുക്കൽ-എസ്.സി.പി | വികസനഫണ്ട് (എസ്.സി.പി) 300000/- | 300000/- ബിൽ നം-06/19-20/ 24-08-2019 | വിനിയോഗവിവരങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല |
| 3 | 244/19-2020 സ്മാർട്ട് ക്ലാസ്സ് റൂമിന് ഫർണീച്ചർ വാങ്ങൽ | വികസനഫണ്ട് (എസ്.സി.പി) 200000/- | 200000/- ബിൽ നം-01/19-20/ 17-05-2019 | പദ്ധതി പ്രകാരം വാങ്ങിയ ഫർണീച്ചറുകളുടെ സ്റ്റോക്ക്/വിതരണ വിശദാംശങ്ങൾ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല |
| ആകെ | | | 1700000/- | |

രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ സൂചിപ്പിച്ച പദ്ധതികൾക്കായി നടത്തിയ 1700000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ചെലവ് രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

തടസ്സപ്പെടുത്തുന്ന തുക - 1700000/-

ഓഡിറ്റ് എൻക്വയറി നം - 5/14-07-2020

1-28 ലൈഫ് -ഭവനപദ്ധതി -അവലോകനം

2019-20 സാമ്പത്തിക വർഷത്തിൽ ലൈഫ് ഭവന പദ്ധതിക്കായി എഗ്രിമെന്റ് വച്ചവരുടെയും പണി പൂർത്തീകരിച്ചതിന്റെയും പൂർത്തീകരിക്കാതെ അവശേഷിച്ചിരിക്കുന്നതിന്റെയും വിവരങ്ങളും ആകെ ചെലവഴിച്ച തുകയുടെ വിവരവും ചുവടെ ചേർക്കുന്നു.

| | ജനറൽ | എസ്.സി.പി | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|---|---|
| എഗ്രിമെന്റ് വച്ച ഗുണഭോക്താക്കളുടെ എണ്ണം | 3 | 16 | 4,15,80,000 (1,00,00,000/- (പ്രോ.നം-147/20) 3,15,80,000/- (പ്രോ.നം-315/20)) | 19,00,000/- (540000/- പ്രോ.നം-147/20, 1360000/- പ്രോ.നം-315/20) |
| പണി പൂർത്തിയാക്കിയവരുടെ എണ്ണം | 0 | 6 | 2,49,40,000/- (1,10,80,000/- (പ്രോ.നം-189/20) 1,38,60,000/- (പ്രോ.നം-319/20)) | 58,00,000/- (46,20,000/- പ്രോ.നം-189/20, 11,80,000/- പ്രോ.നം-315/20) |
| പൂർത്തിയാക്കാൻ അവശേഷിക്കുന്നവ | 3 | 10 | | |

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

3-1 കുടിവെള്ള വിതരണം -കരാറിലെ വ്യവസ്ഥകൾ ലംഘിച്ചിട്ടും നിയമനടപടികൾ സ്വീകരിക്കാതെ വീണ്ടും ക്വട്ടേഷൻ നടത്തി ഉയർന്ന നിരക്കിൽ കുടിവെള്ള വിതരണം നടത്തിയ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

പ്രോജക്റ്റ് നം - 323/2020, വരൾച്ചാ ദുരിതാശ്വാസം കുടിവെള്ള വിതരണം

ഫണ്ട് - തനത് ഫണ്ട്

പദ്ധതി അടങ്കൽ – 600000/-

ചെലവ് - 541630/-

നിർവ്വഹണം - സെക്രട്ടറി

കേരള വാട്ടർ അതോറിട്ടിയുടെ അംഗീകൃത റിസർവോയറിൽ നിന്നും കുടിവെള്ളം ശേഖരിച്ച് ഗ്രാമപഞ്ചായത്ത് പ്രദേശത്ത് കുടിവെള്ള ക്ഷാമം രൂക്ഷമായി അനുഭവപ്പെടുന്ന പ്രദേശങ്ങളിൽ 5000 ലിറ്റർ ശേഷിയുള്ള ടാങ്ക് ഘടിപ്പിച്ചതും ജി.പി.എസ് ഘടിപ്പിച്ചതുമായ വാഹനത്തിൽ വിതരണം നടത്തുന്നതിന് കിലോമീറ്റർ/ദിവസ വാടകനിരക്ക് രേഖപ്പെടുത്തിയുള്ള ക്വട്ടേഷനാണ് 27-03-2019ലെ ഇ3-7278/2017നമ്പർ ക്വട്ടേഷൻ പരസ്യത്തിലൂടെ ഗ്രാമപഞ്ചായത്ത് ക്ഷണിച്ചത്. ടി ക്വട്ടേഷൻ പരസ്യത്തിലെ ആറാമത്തെ നിബന്ധന പ്രകാരം ലോറികളിൽ 5000 ലിറ്റർ ടാങ്കും ഹോസും ജി.പി.എസ് സംവിധാനവും ക്വട്ടേഷനിൽ പങ്കെടുക്കുന്നവർ സ്വന്തം നിലയിൽ ഘടിപ്പിച്ചിരിക്കണം. 09/04/2019 ൽ തുറന്ന് പരിശോധിച്ച ക്വട്ടേഷനുകളിൽ ഏറ്റവും കുറഞ്ഞ നിരക്കായ കിലോമീറ്ററിന് 45/-രൂപ രേഖപ്പെടുത്തിയ ശ്രീ. എൻ. സുരേന്ദ്രൻ, കലാഭവൻ, നെടിയറ എന്ന വ്യക്തിയെ കുടിവെള്ള വിതരണം നടത്തുന്നതിനായി 10/04-2019 ലെ പഞ്ചായത്ത് ജനറൽ കമ്മിറ്റിയുടെ ഒന്നാം നമ്പർ തീരുമാന പ്രകാരം അംഗീകരിക്കുകയും ടിയാനുമായി കരാറു വച്ച് പരമാവധി വാഹനങ്ങളിൽ കുടിവെള്ളവിതരണം അടിയന്തിരമായി നടത്തുന്നതിന് തീരുമാനിക്കുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ 11-04-2019 ൽ ശ്രീ സുരേന്ദ്രൻ ഒന്നാംകക്ഷിയായും ഗ്രാമപഞ്ചായത്ത് സെക്രട്ടറി രണ്ടാം കക്ഷിയുമായി ചമച്ച കരാറിലെ നിബന്ധന നാല് പ്രകാരം "ഏതെങ്കിലും കാരണവശാൽ ഒന്നാംകക്ഷിക്ക് ടി പ്രവൃത്തി നടത്താൻ സാധിക്കാതെ വന്നാൽ പകരം ക്രമീകരണം ഒന്നാം കക്ഷി സ്വന്തം ഉത്തരവാദിത്വത്തിൽ ചെയ്യേണ്ടതാണെന്നും ഇതിന് അധികമായി തുക അനുവദിക്കുന്നതല്ല" എന്നുമാണ്.

എന്നാൽ ഒന്നാം കക്ഷിയായ സുരേന്ദ്രൻ കുടിവെള്ളവിതരണം നടത്തുന്നതിന് ഒരു വാഹനം മാത്രമാണ് വിട്ടു തന്നതെന്നും മറ്റ് പഞ്ചായത്തുകളെ അപേക്ഷിച്ച് വളരെ കുറഞ്ഞ നിരക്കാണ് ടിയാൻ രേഖപ്പെടുത്തിയതെന്നും ആയതിനാൽ കുടിവെള്ളം വിതരണം നടത്താൻ ഇതേ നിരക്കിൽ മറ്റ് മൂന്ന് പേരെ കൂടി ചുമതലപ്പെടുത്തിയും ടി ആളുകളുടെ വാഹനങ്ങളിൽ വാട്ടർ ടാങ്കും ജി.പി.എസ് സൗകര്യവും ഇല്ലാതിരുന്നതിനാൽ പഞ്ചായത്ത് സ്വന്തം നിലയിൽ ജി.പി.എസ് നേരിട്ട് വാങ്ങി നൽകുവാനും പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്ഥാപിച്ചിരുന്ന മൂന്ന വാട്ടർ ടാങ്കുകൾ നൽകുവാനും കൂടാതെ കിലോമീറ്ററിന് ടി 45/-രൂപ കുടിവെള്ളവിതരണം നടത്താൻ ആളുകൾ തയ്യാറാകാത്ത സ്ഥിതിക്ക് വീണ്ടും ക്വട്ടേഷൻ ക്ഷണിക്കാൻ പഞ്ചായത്ത് ജനറൽ കമ്മിറ്റി (25-05-2019 ഒന്നാം നമ്പരായി) തീരുമാനിക്കുകയും ചെയ്തു.ആയതിൻ പ്രകാരം പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും 23010/-രൂപ ചെലവഴിച്ച് (വൗച്ചർ നം – 21900093/15-05-2019, ചെക്ക് നം-822427) മൂന്ന് ജി.പി.എസ് വാങ്ങി വാഹനങ്ങളിൽ ഘടിപ്പിച്ച് നൽകി. ദർഘാസ് പരസ്യത്തിലെ നിബന്ധനകൾക്ക് വിരുദ്ധമായി വാഹനങ്ങളിലേക്ക് ജി.പി.എസ് സൗകര്യം ഒരുക്കുന്നതിനായി ഗ്രാമപഞ്ചായത്ത് നടത്തിയ ചെലവ് അംഗീകരിക്കാവുന്നതല്ല.

തുടർന്ന് 29-05-2019ൽ നടത്തിയ ക്വട്ടേഷനിൽ ഏറ്റവും കുറവ് നിരക്കായ കിലോമീറ്ററിന് 70/-രൂപ രേഖപ്പെടുത്തിയവരിൽ നിന്നും കുടിവെള്ള വിതരണം നടത്തുന്നതിന് ആളുകളെ ചുമതലപ്പെടുത്താമെന്ന 03-06 2019 ലെ ജനറൽ കമ്മിറ്റിയുടെ 2(1)നമ്പർ തീരുമാന പ്രകാരം ശ്രീ ഹസ്സൻ കുട്ടി, ശ്രീ റിനീഷ്. പി. എസ് എന്നിവർക്ക് 70/- രൂപ നിരക്കിൽ കുടിവെള്ളവിതരണം നടത്തിയതിന് തുക നൽകിയിട്ടുണ്ട്. 70/-രൂപ നിരക്കിൽ നടത്തിയ ചെലവിന്റെ വിവരം ചുവടെ ചേർക്കുന്നു.

| കരാറുകാരന്റെ പേര് | വൗച്ചർ നമ്പർ/ തീയതി | ചെക്ക് നമ്പർ | സഞ്ചരിച്ച ദൂരം(Km) | നൽകിയ തുക | 45/-രൂപ നിരക്കിൽ നൽകാവുന്ന തുക | അധികം നൽകിയ തുക |
|---|---|---|---|---|---|---|
| ഹസ്സൻകുട്ടി | 21900219/ 24-06-2019 | 2171971 | 679 | 47530 | 30555 | 16975 |

| | | | | | | |
|---|---|---|---|---|---|---|
| റിനീഷ്.പി.എസ് | 21900772/ 09-11-2019 | 0208369 | 549 | 38430 | 24705 | 13725 |
| ആകെ | | | | | | 30700 |

1% നികുതി ഈടാക്കിയതിന് ശേഷമാണ് കരാറുകാർക്ക് തുക നൽകിയിരിക്കുന്നത്.

കുടിവെള്ള വിതരണം നടത്തിയതിൽ ചുവടെ സൂചിപ്പിക്കുന്ന അപാകതകൾ കാണുന്നു.

1) 70/-രൂപ നിരക്ക് അംഗീകരിച്ച് നൽകിയ 03-06-2019 ലെ പഞ്ചായത്ത് കമ്മിറ്റിയിൽ തീരുമാനം 2(2)ൽ സെക്രട്ടറി തന്റെ വിയോജനകുറിപ്പ് രേഖപ്പെടുത്തിയിരുന്നുവെങ്കിലും 45/- രൂപ നിരക്കിൽ കുടിവെള്ള വിതരണം നടത്താൻ ഗ്രാമപഞ്ചായത്തുമായി കരാർ ചമച്ചിരുന്ന ശ്രീ. സുരേന്ദ്രനെതിരെ യാതൊരു നടപടികളും സ്വീകരിക്കാതിരുന്നതിനാൽ തുടർന്ന് വന്ന അധിക ചെലവിന് സെക്രട്ടറി ഉത്തരവാദിയാണ്.

2) സെക്രട്ടറി ക്വട്ടേഷനുകളിലെ അപാകത ചൂണ്ടിക്കാണിച്ച് കമ്മിറ്റി അംഗങ്ങൾക്ക് നിയമ ഉപദേശം നൽകിയിരുന്നുവെങ്കിലും ആയതിനെ പരിഗണിക്കാതെ ഉയർന്ന നിരക്കിൽ കുടിവെള്ള വിതരണം നടത്താൻ തീരുമാനിച്ച 03-06-2019ലെ ജനറൽ കമ്മിറ്റിയിൽ പങ്കെടുത്ത ഭരണസമിതി അംഗങ്ങളും ടി അധിക ചെലവിന് ഉത്തരവാദികളാണ്.

3) ആയതിനാൽ കുടിവെള്ള വിതരണത്തിനായി ക്വട്ടേഷനിൽ അംഗീകരിച്ച നിരക്കിൽ നിന്നും അധികമായി നല്കിയ 30700/- രൂപയും ജി.പി.എസ് വാങ്ങുന്നതിനായി ചെലവഴിച്ച 23010/-രൂപയും ഉൾപ്പെടെ ആകെ നടത്തിയ 53710/- രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ജി.പി.എസ് സൗകര്യത്തിനായി ചെലവഴിച്ച 23010/- രൂപ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്. ബാക്കി 30700/- രൂപ സെക്രട്ടറി, 03-06-2019ലെ പഞ്ചായത്ത് കമ്മിറ്റിയിൽ പങ്കെടുത്ത ഭരണ സമിതി അംഗങ്ങൾ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

നിരാകരിച്ച തുക - 53710/-

എൻക്വയറി നം - 30/25-08-2020

<u>3-2 ഉദ്ഘാടനച്ചെലവിന് തുക അധികം ചെലവഴിച്ചു.</u>

2019-2020 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്ത് ഹരിതകർമ്മസേനയുടെ അംഗങ്ങൾക്കുള്ള യൂണിഫോം വിതരണം പ്രവർത്തനോദ്ഘാടനത്തിനായി ആകെ 23500/- രൂപ ചെലവഴിച്ചു. വിശദാംശങ്ങൾ ചുവടെക്കൊടുക്കുന്നു.

| വൗച്ചർ നം./ തീയതി | ഇനം | നൽകിയ തുക | ചെക്ക് നം/തീയതി | തുക നൽകിയത് |
|---|---|---|---|---|
| 21900071/ 3.5.19 | പന്തൽ, സ്റ്റേജ്, കസേര | 10500/- (4500+5000+1000) | 82418/3.5.19 | അമൽ വർഗ്ഗസ്, പുളിങ്കീഴിൽ ഇവന്റ്സ്, ഇടമുളയ്ക്കൽ |
| 21900071/ 3.5.19 | മൈക്ക്സെറ്റ്, അനൗൺസ്മെന്റ് | 13000/- (6500+6500) | 82418/3.5.19 | അമൽ വർഗ്ഗസ്, പുളിങ്കീഴിൽ ഇവന്റ്സ്, ഇടമുളയ്ക്കൽ |
| ആകെ | | 23500 | | |

ജി.ഒ(ആർ.ടി)3866/2015/തസ്വഭവ 28.12.15 ഉത്തരവനുസരിച്ച് ഗ്രാമപഞ്ചായത്ത് സ്ഥാപനങ്ങളിൽ മന്ത്രിമാർ പങ്കെടുക്കുന്ന ഉദ്ഘാടനച്ചടങ്ങിന് 25000/- രൂപയും അല്ലാതെയുള്ള ഉദ്ഘാടനച്ചടങ്ങിന് 10000/- രൂപയും മാത്രമാണ് തനതുഫണ്ടിൽ നിന്നും ചെലവഴിക്കാവുന്നത്. ടി ഉദ്ഘാടനച്ചടങ്ങിന്റെ നോട്ടീസ് പ്രകാരം മന്ത്രിമാരാരും പങ്കെടുത്തതായി കാണുന്നില്ല.ആയതിനാൽ 10000 രൂപ മാത്രമാണ് ടിയിനത്തിൽ ചെലവഴിക്കാവുന്നത്. തുക അധികം ചെലവഴിക്കാനുള്ള സാഹചര്യം വ്യക്തമാക്കുന്നതിന് നൽകിയ എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ രണ്ടു പ്രവർത്തനങ്ങൾക്കുവേണ്ടി നടത്തിയ ചെലവായതിനാലാണ് തുക അധികം ചെലവഴിച്ചതെന്നും ടി വിഷയം കമ്മിറ്റിയിൽ ചർച്ച ചെയ്ത് തീരുമാനമെടുത്തതായും മറുപടി ലഭ്യമാക്കി. എന്നാൽ മേൽ കമ്മിറ്റിത്തീരുമാനം ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ലാത്തതും വൗച്ചർ പരിശോധിച്ചതിൽ ഹരിതകർമ്മസേനയുടെ അംഗങ്ങൾക്കുള്ള യൂണിഫോം വിതരണം പ്രവർത്തനോദ്ഘാടനത്തിനായി തുക ചെലവഴിച്ചതെന്നുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്.ആയതിനാൽ ടിയിനത്തിൽ അധികം ചെലവഴിച്ച 13500 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

എൻക്വയറി നം. – 7/16.7.2020

നിരാകരിച്ച തുക – 13500

ഉത്തരവാദിയായ ഉദ്യോഗസ്ഥൻ - സെക്രട്ടറി

3-3 ആട്ടുവളർത്തൽ പദ്ധതി-സബ്സിഡി തുക അധികം നൽകി.

പ്രോജക്ട് നം./ പേര് - SO 158/2020(ആട്ടുവളർത്തൽ പദ്ധതി-SCP)

അടങ്കൽ - 130000/- (97500- വികസനഫണ്ട്, 32500- ഗുണഭോക്തൃവിഹിതം)

ചെലവ് – 45000(6/19-20/20.1.2020),

15000 (ചെക്ക് നം. 033177/21.12.2019)

പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് ആട്ടുവളർത്തൽ പദ്ധതി പ്രകാരം ഒരു യൂണിറ്റിന് 10000 രൂപ നിരക്കിൽ (7500-സബ്സിഡി, 2500- ഗുണ.വിഹിതം) 6 ആട്ടുകളെ (ഒരു യൂണിറ്റ്-1 ആട്) 6 ഗുണഭോക്താക്കൾക്ക് നൽകിയിട്ടുണ്ട്. ടിയിനത്തിൽ സബ്സിഡി തുകയായ 45000 രൂപയും 15000ഗുണഭോക്തൃവിഹിതവും ഉൾപ്പെടെ 60000 രൂപ ആടിനെ വിറ്റ നാസ്സർ, പാങ്ങലിൽ പുത്തൻവീട്, തടിക്കാട് എന്ന വ്യക്തിക്ക് നൽകിയിട്ടുണ്ട്. ഗുണഭോക്താക്കളുടെ കൈപ്പറ്റുരസീതു പ്രകാരം 5000 രൂപ വിലയുള്ള പെണ്ണാടിനെ ആയൂർ സീനിയർ വെറ്റിനറി സർജൻ പക്കൽനിന്നും കൈപ്പറ്റിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. ആടിന്റെ വിലയുടെ 75% മാത്രമാണ് സബ്സിഡിയായി അനുവദിക്കാവുന്നത്. മേൽപ്രകാരം 5000 രൂപയുടെ 75% തുകയായ 3750 രൂപ മാത്രമാണ് അനുവദിക്കാവുന്നത്. എന്നാൽ, 5000 രൂപ വിലയുള്ള ആടിന് 7500 രൂപ സബ്സിഡിയും 2500 രൂപ ഗുണഭോക്തൃവിഹിതവും നൽകിയതിന്റെ കാരണം വ്യക്തമാക്കുന്നതിന് നൽകിയ എൻക്വയറിക്ക് മുൻപ് നടത്തിയ പദ്ധതിയുടെ കൈപ്പറ്റുരസീതാണ് ഗുണഭോക്താക്കൾ ഉപയോഗിച്ചതെന്നും ആയത് തെറ്റായി ഫയലിൽ സൂക്ഷിച്ചിരുന്നതെന്നും 10000 രൂപയുടെ കൈപ്പറ്റുരസീത് മറ്റൊരു ഫയലിൽ സൂക്ഷിച്ചിരുന്നതായും മറുപടി ലഭ്യമാക്കി. ആയത് അംഗീകരിക്കുന്നില്ല. ആയതിനാൽ സബ്സിഡിയിനത്തിൽ 6 ഗുണഭോക്താക്കൾക്ക് അധികം നൽകിയ 22500 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

എൻക്വയറി നം. – 9/16.7.2020

നിരാകരിച്ച തുക – 22500/-

നിർവ്വഹണ ഉദ്യോഗസ്ഥൻ – ഡോ.ഷാഹുൽ ഹമീദ്, വെറ്റിനറി സർജൻ

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2019-20 | 08-07-2020 മുതൽ 10-07-2020 വരെ | - |

### 4-2 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019-2020 | 300000 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് | 300000 | - |
| ബ്ലോക്ക് പഞ്ചായത്ത് | 2019-2020 | 49000 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് | 49000 | - |
| ബ്ലോക്ക് പഞ്ചായത്ത് | 2019-2020 | 82685 | ലൈഫ് ഭവന നിർമ്മാണം | - | 82685 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-2020 | 1000000 | ലൈഫ് ഭവന നിർമ്മാണം | - | 1000000 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-2020 | 769669 | ലൈഫ് ഭവന നിർമ്മാണം | -- | 769669 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-2020 | 17000 | നെൽക്കൃഷി വികസനം | 17000 | - |
| ജില്ലാ പഞ്ചായത്ത് | 2019-2020 | 25758 | പാലിന് സബ്സിഡി | 25758 | - |
| ജില്ലാ പഞ്ചായത്ത് | 2019-2020 | 300000 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് | 204600 | 95400 |
| ജില്ലാ പഞ്ചായത്ത് | 2019-2020 | 200000 | അങ്കണവാടി പോഷകാഹാരം | 200000 | - |
| ജില്ലാ പഞ്ചായത്ത് | 2019-2020 | 260000 | ലൈഫ് ഭവന നിർമ്മാണം | 260000 | - |
| ജില്ലാ പഞ്ചായത്ത് | 2019-2020 | 920000 | ലൈഫ് ഭവന നിർമ്മാണം | 920000 | - |

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തിനടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം./UTR No. | മുൻകൂർ നൽകിയ | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|

| | | | | തുക | | |
|---|---|---|---|---|---|---|
| 1 | KWA | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 256996 Dt 05.03.2020 | 43200 | 0 | 43200 |
| 2 | ANERT | Solar Panel Installation | 256974 Dt 28.02.2020 | 1050500 | 0 | 1050500 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 1640000രൂപ വരവുണ്ട്. മുൻബാക്കി 1204818 രൂപയടക്കം 2844818 രൂപ ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ലഭിച്ച വർഷം | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവനനിർമ്മാണം | 2017-18 & 2018-19 | 14138449 | 12498449 | - | | 14138449 |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 707365 |
| തൻവർഷം നിക്ഷേപിച്ച തുക(പലിശ വരവ്) | 60126 |
| ആകെ | 767491 |
| തന്നാണ്ടിൽ പിൻവലിച്ച തുക | |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 767491 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/പോസ്റ്റ് ഓഫീസ്....) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | SCB, Arackal | 06.03.18 | 2019-2020 | 767491 | |
| ആകെ | | | | 767491 | |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഇല്ല.

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 30700/-(തുക തുല്യമായി 21 നഷ്ടോത്തരവാദികളിൽ നിന്നും ഈടാക്കേണ്ടതാണ്) | 1) അഡ്വ. വി, രവീന്ദ്രനാഥ്, പഞ്ചായത്ത് പ്രസിഡന്റ്<br>2) കെ. സി ജോസ്, പഞ്ചായത്ത് മെമ്പർ<br>3) ഇൻഷാമോൾ. എസ്, പഞ്ചായത്ത് മെമ്പർ<br>4) ഷൗക്കത്ത്. ടി, പഞ്ചായത്ത് മെമ്പർ<br>5) രേവതി. കെ. എസ്, പഞ്ചായത്ത് മെമ്പർ<br>6) അശോകൻ പനവേലി, പഞ്ചായത്ത് മെമ്പർ<br>7) രാധാമണി. ബി, പഞ്ചായത്ത് മെമ്പർ<br>8) ഷാജു. ആർ, പഞ്ചായത്ത് മെമ്പർ<br>9) രൂപേഷ് ഉണ്ണിത്താൻ, പഞ്ചായത്ത് മെമ്പർ<br>10) അനില ഷാജി, പഞ്ചായത്ത് മെമ്പർ<br>11) ലീലാമ്മാ ജോൺ, പഞ്ചായത്ത് മെമ്പർ<br>12) ജ്യോതി വിശ്വനാഥ്, പഞ്ചായത്ത് മെമ്പർ<br>13) തങ്കമണി. എസ്, പഞ്ചായത്ത് മെമ്പർ<br>14) സുജ തോമസ്, പഞ്ചായത്ത് മെമ്പർ<br>15) സഹീർ. എൻ, പഞ്ചായത്ത് മെമ്പർ<br>16) ബിൻസി. ആർ, പഞ്ചായത്ത് മെമ്പർ<br>17) അശോക് കുമാർ. ജി, പഞ്ചായത്ത് മെമ്പർ |

| | | | |
|---|---|---|---|
| | | | 18) രജിമോൾ. ആർ, പഞ്ചായത്ത് മെമ്പർ<br>19) സുരേന്ദ്രൻ. ബി, പഞ്ചായത്ത് മെമ്പർ<br>20) ബേബി മാത്യൂ, പഞ്ചായത്ത് മെമ്പർ<br>21) സഞ്ജയൻ. എസ്, സെക്രട്ടറി |
| 3-1 | | 23010 | സഞ്ജയൻ. എസ്, സെക്രട്ടറി |
| 3-2 | | 13500 | സഞ്ജയൻ. എസ്, സെക്രട്ടറി |
| 3-3 | | 22500 | ഡോ. ഷാഹുൽ ഹമീദ്, വെറ്ററിനറി സർജൻ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-26 | 699984 | പത്മജ തോമസ്, സെക്രട്ടറി |
| 1-28 | 1700000 | ആനന്ദഭായി അമ്മ, ഹെഡ്മിസ്ട്രസ്സ് |

(ബി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(സി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഡി) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| അഡ്വ. വി. രവീന്ദ്രനാഥ്, പഞ്ചായത്ത് പ്രസിഡന്റ് | പഞ്ചായത്ത് പ്രസിഡന്റ്<br>ഇടമുളയ്ക്കൽ ഗ്രാമപഞ്ചായത്ത് | വിജയ മന്ദിരം<br>കൈപ്പള്ളി<br>ഇടമുളയ്ക്കൽ |
| കെ. സി. ജോസ്, പഞ്ചായത്ത് മെമ്പർ | പഞ്ചായത്ത് മെമ്പർ | കുരോംവിളയിൽ വീട്<br>കോക്കാട്.പി.ഒ<br>വെട്ടിക്കവല |
| ഇൻഷാമോൾ. എസ് | പഞ്ചായത്ത് മെമ്പർ | സലീന മൻസിൽ<br>തടിക്കാട് |
| ഷൗക്കത്ത്. ടി | പഞ്ചായത്ത് മെമ്പർ | സാഫ്<br>തടിക്കാട് |
| രേവതി. കെ. എസ് | പഞ്ചായത്ത് മെമ്പർ | അശ്വതി ഭവൻ |

| | | |
|---|---|---|
| | | അറയ്ക്കൽ<br>ഇടയം |
| അശോകൻ പനവേലി | പഞ്ചായത്ത് മെമ്പർ | വേടരുതുണ്ടിൽ വീട്<br>മതുരപ്പ<br>തടിക്കാട് |
| രാധാമണി. ബി | പഞ്ചായത്ത് മെമ്പർ | അജി നിവാസ്<br>ഭാഗ്യക്കുന്ന്<br>ഇടമുളയ്ക്കൽ |
| ഷാജു. ആർ | പഞ്ചായത്ത് മെമ്പർ | ശ്രീരാഗം<br>അസുരമംഗലം<br>ഇടമുളയ്ക്കക്കൽ |
| രൂപേഷ് ഉണ്ണിത്താൻ | പഞ്ചായത്ത് മെമ്പർ | ഇന്ദിര ഭവൻ<br>പടിഞ്ഞാറ്റിൻക്കര<br>അഞ്ചൽ |
| അനില ഷാജി | പഞ്ചായത്ത് മെമ്പർ | കിണറ്റുവിളക്കത്ത് വടക്കതിൽ<br>വീട്, ചെമ്പകരാമനെല്ലൂർ<br>അഞ്ചൽ |
| ലീലാമ്മാ ജോൺ | പഞ്ചായത്ത് മെമ്പർ | ലിജോഭവൻ<br>വട്ടയം<br>ഒഴുകുപാറയ്ക്കൽ |
| ജ്യോതി വിശ്വനാഥ് | പഞ്ചായത്ത് മെമ്പർ | അകമൺ തെക്കേ ചരുവിള<br>ആയൂർ |
| തങ്കമണി. എസ് | പഞ്ചായത്ത് മെമ്പർ | മണി ഭവൻ<br>നടുക്കുന്ന്<br>ആയൂർ |
| സുജ തോമസ് | പഞ്ചായത്ത് മെമ്പർ | കണ്ടത്തിൽ വീട്<br>നീറായിക്കോട് |
| സഹീർ. എൻ | പഞ്ചായത്ത് മെമ്പർ | തലവിള വീട്<br>ഒഴുകുപാറയ്ക്കൽ |
| ബിൻസി. ആർ | പഞ്ചായത്ത് മെമ്പർ | എസ്.ബി ഹൗസ്<br>ഇടയം |
| അശോക് കുമാർ. ജി | പഞ്ചായത്ത് മെമ്പർ | വാത്രൂർ വീട്<br>അറക്കൽ<br>പെരുമണ്ണൂർ |
| രജിമോൾ. ആർ | പഞ്ചായത്ത് മെമ്പർ | രേവതി<br>ഇടയം |
| സുരേന്ദ്രൻ. ബി | പഞ്ചായത്ത് മെമ്പർ | വിഷ്ണുഭവൻ<br>പെരുമണ്ണൂർ |
| ബേബി മാത്യു | പഞ്ചായത്ത് മെമ്പർ | പനച്ചവിള വീട് |

| | | |
|---|---|---|
| | | വാളകം |
| സഞ്ജയൻ. എസ്, സെക്രട്ടറി | വിരമിച്ചു | കൊച്ചുമാളിക<br>ഐക്കരക്കോണം<br>കക്കോട് |
| ഡോ. എ. ഷാഹുൽ ഹമീദ്, വെറ്ററിനറി സർജൻ | വെറ്ററിനറി സർജൻ<br>ഇടമുളയ്ക്കൽ | സച്ചിൻ കോട്ടേജ്<br>തടിക്കാട്<br>അഞ്ചൽ |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97 | കെ.എസ്.എ/കെ.എൽ.എം/പി-1/447(1)/23-03-2018 |
| 1997-98 | കെ.എസ്.എ/കെ.എൽ.എം/പി-1/447(2)/23-03-2018 |
| 1998-99 | കെ.എസ്.എ/കെ.എൽ.എം/പി-1/447(3)/23-03-2018 |
| 1999-00 | കെ.എസ്.എ/കെ.എൽ.എം/പി-1/447(4)/23-03-2018 |
| 2000-01 | കെ.എസ്.എ/കെ.എൽ.എം/പി-1/447(5)/23-03-2018 |
| 2001-02 | കെ.എസ്.എ/കെ.എൽ.എം/പി-1/447(6)/23-03-2018 |
| 2002-03 | കെ.എസ്.എ/കെ.എൽ.എം/പി-1/447(7)/23-03-2018 |
| 2003-04 | കെ.എസ്.എ/കെ.എൽ.എം/പി-1/447(8)/23-03-2018 |
| 2004-05 | കെ.എസ്.എ/കെ.എൽ.എം/പി-1/447(9)/23-03-2018 |
| 2005-06 | എൽ.എഫ്.ക്യൂ.പി4/1360/14(15) തീയതി 23.06.14 |
| 2006-07 | കെ.എസ്.എ.കെ.എൽ.എം.പി1/794(1)/19 തീയതി 10.6.19 |
| 2007-08 | കെ.എസ്.എ.കെ.എൽ.എം.പി1/794(2)/19 തീയതി 10.6.19 |
| 2008-09 | കെ.എസ്.എ.കെ.എൽ.എം.പി1/794(3)/19 തീയതി 10.6.19 |
| 2009-10 | കെ.എസ്.എ.കെ.എൽ.എം.പി1/794(4)/19 തീയതി 10.6.19 |
| 2010-11 | കെ.എസ്.എ.കെ.എൽ.എം.പി1/794(5)/19 തീയതി 10.6.19 |
| 2011-12 & 2012-13 | എൽ.എഫ്.ക്യൂ.പി.4/393/14 തീയതി 15-05-14 |
| 2013-14 & 2014-15 | കെ.എസ്.എ-കെഎൽഎം/പി4/ 2211/ 15 തീ 19-12-15 |
| 2015-16 | കെ.എസ്.എ-കെഎൽ എം/പി4/ 1843/16 തീ 05-01-2017 |
| 2016-17 | കെ.എസ്.എ-കെഎൽ എം/പി1/ 1955/17 തീ 21-12-2017 |
| 2017-18 | കെ.എസ്.എ-കെഎൽ എം/പി1-224/2019/1.4.2019 |
| 2018-19 | കെ.എസ്എ-കെഎൽ എം/പി1-941/2020/16-11-2020 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കൊല്ലം ജില്ലയിലെ ഇടമുളയ്ക്കൽ ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ<br>
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം<br>
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കൊല്ലം ജില്ലയിലെ ഇടമുളയ്ക്കൽ ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ<br>
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം<br>
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-3

## അനുബന്ധപത്രികകൾ

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ

ജില്ല ഓഡിറ്റ് കാര്യാലയം, കൊല്ലം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്